# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അത്തോളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ കാര്യാലയം
# കോഴിക്കോട്-673020


## ഇ-മെയിൽ: dokkd.ksad@kerala.gov.in
## ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.10-1725/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/10/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അത്തോളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.10-1725/2024 തീയ്യതി: 08/10/2024

# കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-09-2023 മുതൽ 28-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും

നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളൈ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 29-08-2024 | 07-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 29-08-2024 | 07-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ധീരജ്.ജെ (ഓഡിറ്റ് ഓഫീസർ)
ശ്രീ.സതീഷ് കുമാർ.സി.പി(ഓഡിറ്റ്ഓഫീസർ)
ശ്രീ.ശ്രീജിത്ത്.കെ.വി (സീ.ഗ്രേഡ് ഓഡിറ്റർ)
ശ്രീ.വിജേഷ്.കെ.കെ (സീ.ഗ്രേഡ് ഓഡിറ്റർ)

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീബ രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2023 | 13-07-2023 |
| ശ്രീമതി ബിന്ദു രാജൻ | പ്രസിഡന്റ് | 14-07-2023 | 31-03-2024 |
| ശ്രീ.ഹരിഹരൻ.കെ | സെക്രട്ടറി | 01-04-2023 | 16-03-2024 |
| ശ്രീമതി.മിനി.എ.പി (അസി.സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2024 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനി.എ.പി | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി.റസീന | അസി.എഞ്ചിനിയർ | 01-04-2023 | 11-07-2023 |
| ശ്രീ.ശ്രീനാഥ് | അസി.എഞ്ചിനിയർ | 12-07-2023 | 15-03-2024 |
| ശ്രീ.ഷിജു.കെ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി.സുവർണ്ണ ശ്യാം | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ജിഷ.ഒ.ഒ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ആതിര.ഒ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.ശാന്തി | ഐ.സി.ഡി.എസ് സൂപ്പർവൈവെസർ | 01-04-2023 | 31-05-2023 |
| ശ്രീമതി.രമ്യ | ഐ.സി.ഡി.എസ് സൂപ്പർവൈവെസർ | 01-06-2023 | 18-08-2023 |
| ശ്രീമതി.ജസി | ഐ.സി.ഡി.എസ് സൂപ്പർവൈവെസർ | 19-08-2023 | 27-10-2023 |
| ശ്രീമതി.അഞ്ജലി | ഐ.സി.ഡി.എസ് സൂപ്പർവൈവെസർ | 28-10-2023 | 31-03-2024 |
| ശ്രീമതി.രോഷ്മ.സി.പി. നായർ | വി.ഇ.ഒ. | 01-04-2023 | 31-03-2024 |
| ഡോ.ദിവ്യ.എം | മെഡിക്കൽ ഓഫീസർ, എഫ്.എച്.സി | 01-04-2023 | 31-03-2024 |
| ഡോ.അഞ്ജന.എം | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പൻസറി | 01-04-2023 | 11-09-2023 |
| ഡോ.വിജയലക്ഷ്മി.കെ.ടി | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പൻസറി | 12-09-2023 | 31-03-2024 |
| ഡോ.നീമ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പൻസറി | 01-04-2023 | 31-03-2024 |
| ശ്രീ.മുഹമ്മദ് ബഷീർ | ഹെഡ് മാസ്റ്റർ | 01-04-2023 | 16-07-2023 |

| | | | |
|---|---|---|---|
| ശ്രീ.ഗിരീഷ് കുമാർ | ഹെഡ് മാസ്റ്റർ | 17-07-2023 | 31-03-2024 |
| ശ്രീ.അഷിത്ത്.പി.ജെ | അസി. എഞ്ചിനീയർ | 16-03-2024 | 31-03-2024 |
| ശ്രീമതി.നസീമ | വെറ്റിനറി സർജൻ | 01-04-2023 | 20-12-2023 |
| ശ്രീമതി.ബിൻഷ | വെറ്റിനറി സർജൻ | 01-01-2024 | 31-01-2024 |
| ശ്രീ.സുനിൽ കുമാർ | വെറ്റിനറി സർജൻ | 01-02-2024 | 31-03-2024 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല. | 1-1-4 |
| 6 | തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു. | 1-1-5 |
| 7 | ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ്- വിവരങ്ങൾ ലഭ്യമല്ല | 1-1-6 |
| 8 | ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-1-7 |
| 9 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-1-8 |
| 10 | ലേലം കുടിശ്ശിക തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-9 |
| 11 | ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 17 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല | 1-7 |

| | | |
|---|---|---|
| 18 | അനധികൃത നിർമ്മാണങ്ങൾക്കെടിരെ നടപടി എടുക്കുന്നതിൽ ഗുരുതര വീഴ്ച | 1-8 |
| 19 | പഞ്ചായത്തിലെ കോടതി വ്യവഹാരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ | 1-9 |
| 20 | സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച- അപാകതകൾ | 1-10 |
| 21 | ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു. | 1-11 |
| 22 | മണ്ണ് നീക്കം ചെയ്യുന്നതിന് തെറ്റായ ഇനം തെരഞ്ഞെടുത്തു. | 1-12 |
| 23 | കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് പ്രവൃത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 1-13 |
| 24 | ഖനനം ചെയ്ത മണ്ണ് സബ്ഗ്രേഡിന് ഉപയോഗപ്പെടുത്തിയില്ല | 1-14 |
| 25 | റീ പെയിന്റിംഗിന് പുതിയ പെയിന്റിംഗിനുള്ള ഇനം- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 1-15 |
| 26 | വിതരണ പൈപ്പ് ലൈൻ നിരക്ക് നിശ്ചയിച്ചതിന് രേഖയില്ല. | 1-16 |
| 27 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഇനങ്ങൾ നിർവ്വഹിക്കുന്നില്ല- കരാറുകാരന് 72 % അധിക തുക നൽകി. | 1-17 |
| 28 | ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ ഉപയോഗപ്പെടുത്തിയില്ല. | 1-18 |
| 29 | ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. | 1-19 |
| 30 | കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും AMC- എണ്ണത്തിൽ വ്യത്യാസം | 1-20 |
| 31 | എസ് എസ് എ വിഹിതം - വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് | 1-21 |

| | | |
|---|---|---|
| | എന്നിവയില്ല | |
| 32 | എം ബുക്ക് അളവുകളിൽ വിത്യാസം | 1-22 |
| 33 | സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച നിരക്കിൽ കരാർ നൽകി. | 1-23 |
| 34 | കരാർ വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരനെ ടെർമിനേറ്റ് ചെയ്തില്ല. | 1-24 |
| 35 | വാട്ടർ ടാങ്ക് വിതരണം നടത്താത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല | 1-25 |
| 36 | എ.ബി.സി.പദ്ധതി: പഞ്ചായത്ത് പരിധിക്കുള്ളിൽ ഫലപ്രദമാകുന്നില്ല | 1-26 |
| 37 | തെരുവു വിളക്കു പരിപാലനം: അനിവാര്യ ചുമതലകൾ നിറവേറ്റുന്നില്ല | 1-27 |
| 38 | ഖാദി കൊടശ്ശേരിയിലേക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ: അപാകതകൾ | 1-28 |
| 39 | പദ്ധതികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-29 |
| 40 | ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു. | 1-30 |
| 41 | തെങ്ങ് കൃഷി വികസനം - നിർവഹണത്തിൽ ന്യൂനത. | 1-31 |
| 42 | കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപണികൾ- വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | 1-32 |
| 43 | സ്കോളർഷിപ്പ് മുഴുവനായി നൽകിയില്ല. | 1-33 |
| 44 | അതിദരിദ്രർക്കുള്ള കിറ്റ് വിതരണം പൂർണ്ണമായി നടത്തിയില്ല. | 1-34 |
| 45 | അനുപൂരക പോഷകാഹാര പരിപാടി സംബന്ധിച്ച്. | 1-35 |

| | | |
|---|---|---|
| 46 | മുഴുവൻ അംഗണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചില്ല. | 1-36 |
| 47 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർണ്ണമായിട്ടില്ല. | 1-37 |
| 48 | റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കൽ -പദ്ധതി നിർവ്വഹണത്തിൽ അപാകത | 1-38 |
| 49 | ലൈഫ് ലോണായി കൈപ്പറ്റിയ തുക  തിരിച്ചടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയില്ല | 1-39 |
| 50 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -ഹരിത കർമ്മസേന പ്രവർത്തനം -അവലോകനം | 1-40 |
| 51 | അനധികൃത നിർമ്മാണത്തിന് വസ്തു നികുതി പരിഷ്കരിക്കുന്നത് സംബന്ധിച്ച്-വ്യക്തത വരുത്താവുന്നതാണ് | 1-41 |
| 52 | ന്യൂട്രിമിക്സ് - ലാബ് ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. | 1-42 |
| 53 | ഭിന്നശേഷി സ്കോളർഷിപ്പ് അപേക്ഷക്കൊപ്പം വിശദാംശങ്ങൾ പൂർണമായിട്ടില്ല. | 1-43 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു. | 3-1 |
| 2 | മണ്ണ് നീക്കം ചെയ്യുന്നതിന് തെറ്റായ ഇനം തെരഞ്ഞെടുത്തു. | 3-2 |
| 3 | കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് പ്രവൃത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 3-3 |
| 4 | ഖനനം ചെയ്ത മണ്ണ് സബ്ഗ്രേഡിന് ഉപയോഗപ്പെടുത്തിയില്ല | 3-4 |

| | | |
|---|---|---|
| 5 | റീ പെയിന്റിംഗിന് പുതിയ പെയിന്റിംഗിനുള്ള ഇനം- പഞ്ചായത്ത് ഫണ്ടിന് 28332 രൂപ നഷ്ടം. | 3-5 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06/06/2024 ലെ (01) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03/09/2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **അത്തോളി** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ

ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി 08.10.2024** **ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.**

## 1-1-1 വാർഷിക കണക്കിൽ എല്ലാ സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാനുവൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ , 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകളും മറ്റ് അപാകതകളും മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalants ആയി രേഖപ്പെടുത്തിയ 4,17,705 രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ 4,98,52,812 രൂപയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല.

ഡിമാന്റ് ഉത്തരവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തി. ഉദാ- വസ്തു നികുതി .

## 1-1-4 സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല.

വാർഷിക കണക്ക് B14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസിന്റെ നീക്കിയിരിപ്പ് 24736 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മൂല്യാധിഷ്ഠിതമായി തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

## 1-1-5 തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു.

തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

. ആസ്തി ശീർഷകങ്ങളിൽ റോഡിന്റെ മൂല്യം New Roads, Mettalled Roads , Tarred എന്നീ ശീർഷകങ്ങളിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 16.67 % നിരക്കിലാണ് (ആയുർ ദൈർഘ്യം-6 വർഷം) ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റ് റോഡുകളുടെ ആയുർദൈർഘ്യം 10 വർഷമാണ്. അത്തരം റോഡുകൾ പ്രത്യേക ശീർഷകത്തിൽ രേഖപ്പെടുത്തി 10% നിരക്കിൽ ഡിപ്രീസിയേഷൻ കണക്കാക്കേണ്ടിയിരുന്നു.

## 1-1-6 ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ്- വിവരങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ ബാധ്യതാ തുകകളുടെ ഉദ്ദേശ്യം, വിനിയോഗ നിബന്ധനകൾ, നാളിതുവരെയുള്ള വിനിയോഗ വിവരം, നീക്കിയിരിപ്പിന്റെ കൃത്യത ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഉദാ- 320100139, 320100181, 320100153, 320200203, 320200113 ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകൾ.

## 1-1-7 ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല.

വാർഷിക കണക്ക് പ്രകാരം 1,04,21,360 രൂപയാണ് ലോൺ ഇനത്തിലെ സ്ഥാപനത്തിന്റെ ബാധ്യത. എന്നാൽ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ കൃത്യത

ഉറപ്പാക്കാനായിട്ടില്ല. ട്രയൽ ബാലൻസ്, മുൻവർഷത്തെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം ഹഡ്കോ ലോൺ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശം ലഭ്യമാക്കിയിട്ടില്ല.

## 1-1-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല. ഉദാ-460500501 ശീർഷകത്തിലെ നീക്കിയിരിപ്പ് തുകകൾ 18.10.2021 തിയ്യതി മുതൽ ഉള്ളതാണ്.

## 1-1-9 ലേലം കുടിശ്ശിക തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

ലേലം വരവിനത്തിൽ സ്ഥാപനത്തിന് ലഭിക്കാനുള്ള കുടിശ്ശിക തുകയായ 101458/- രൂപ ബാലൻസ് ഷീറ്റിൽ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

## 1-1-10 ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം ഗുണഭോക്താവ് തിരിച്ചടച്ചതും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതുമായ 82973 രൂപ ബാധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. (അപാകത സംബന്ധിച്ച് ഖണ്ഡിക 1-39 കാണുക)

## 1-2 ബജറ്റ്.

സ്ഥാപനത്തിന്റെ ബജറ്റ് ഭരണ സമിതിയുടെ 22-03-2023 ലെ 1/1ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 06-02-2024ലെ 1(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 3,28,53,646 |
| വരവ് | 34,71,79,755 |
| ആകെ | 38,00,33,401 |
| ചെലവ് | 36,31,43,924 |
| നീക്കിയിരിപ്പ് | 1,68,89,477 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

.

| | |
|---|---|
| മുന്നിരിപ്പ് | 3,56,09,325 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,76,91,029 |
| ആകെ | 11,33,00,354 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,72,73,324 |
| നീക്കിയിരിപ്പ് | 3,60,27,030 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവമിക്കാത്ത തുക | Q Bill |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറല്‍ | 0 | 1,70,07,000 | 1,70,07,000 | 1,19,61,689 | 50,45,311 | 82,443 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,16,85,000 | 1,16,85,000 | 87,57,130 | 29,27,870 | |
| മെയിന്‍റനന്‍സ്, റോഡ് | 0 | 1,24,00,000 | 1,24,00,000 | 49,24,350 | 74,75,650 | 1,06,042 |
| മെയിന്‍റനന്‍സ്, നോണ്‍-റോഡ് | | 29,22,000 | 29,22,000 | 21,17,824 | 8,04,176 | |
| സെന്‍ട്രല്‍ ഫിനാന്‍സ് കമ്മീഷന്‍ ഗ്രാന്‍റ് - അണ്‍ടൈഡ്( PFMS മുഖേന) | 43,04,780 | 29,36,810 | 72,41,590 | 36,95,906 | 35,45,684 | |
| സെന്‍ട്രല്‍ ഫിനാന്‍സ് കമ്മീഷന്‍ ടൈഡ് ഗ്രാന്‍റ് (PFMS മുഖേന) | 12,64,150 | 21,12,000 | 33,76,150 | 27,72,207 | 6,03,943 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വര്‍ഷം അംഗീകാരം ലഭിച്ച പ്രോജക്കുകള്‍ നടപ്പാക്കിയതിന്‍റെ വിവരം താഴെ ചേര്‍ക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കല്‍ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂര്‍ത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 289 | 189685636 | 158 | 77534853 | 115 | 135 | 54.67 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.09.24 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,781/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023 ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമ പഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി 11-08-2023 ലെ 02/1 നമ്പർ തീരുമാന പ്രകാരം അത്തോളി ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി 01-04-2023 മുതൽ പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും 17-08-2023ന് പുതുക്കിയ വസ്തു നികുതി നിരക്കുകൾ അന്തിമമാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. അത് പ്രകാരം പുതുക്കിയ വസ്തു നികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതും പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കി തുടങ്ങിയതും 11-10-2023 മുതലാണ്. എന്നാൽ സഞ്ചയയിൽ നികുതി നിരക്ക് പരിഷ്കരിച്ചതിന് മുൻപ് (അതായത് 01-04-2023 മുതൽ സഞ്ചയയിൽ പുതിയ നികുതി നിരക്ക് സെറ്റ് ചെയ്യുന്നത് വരെ) ആകെ 173 പുതിയ കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കി കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിലുള്ള നികുതി കണക്കാക്കുകയോ ഡിമാന്റ് നോട്ടീസ് കൊടുത്ത് കുറവ് വന്ന നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതിനായി സഞ്ചയയിൽ IKM പുതിയ മോഡ്യൂൾ

വിന്യസിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് ഈടാക്കുന്നതാണ് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/24 തീ.29-07-24) പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്.

സമയബന്ധിതമായി വസ്തു നികുതി പരിഷ്കരിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ വരുമാന വർദ്ധനയ്ക്കായി, തദ്ദേശ സ്ഥാപനം നൽകുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ഏർപ്പെടുത്തുന്നത് പരിഗണിക്കാമെന്നിരിക്കെ ആയത് ഏർപ്പെടുത്തുന്ന കാര്യം ഭരണ സമിതി പരിഗണിച്ചിട്ടില്ല. നിലവിൽ ആകെയുള്ള 17 വാർഡുകളിൽ ഒന്നിലും നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിനായുള്ള പരിശോധനകൾക്കായി 17 വാർഡുകളിലായി സാങ്കേതിക പരിജ്ഞാനമുള്ള 17 പേരെ നിയോഗിച്ചു എങ്കിലും ഫലപ്രാപ്തി ആവാത്തതിനാൽ നിലവിൽ വസ്തു നികുതി പിഷ്കരണത്തിന് പദ്ധതി വച്ച് ULCC യുമായി കരാർ വയ്ക്കുകയാണ് ചെയ്തത് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/24) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അടിയന്തിരമായി കെട്ടിടങ്ങളിൽ പരിശോധന നടത്തി വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കേണ്ടതും പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഡിമാന്റ് 100% ഉറപ്പ് വരുത്തി നികുതി മുഴുവൻ ഈടാക്കി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-8 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി എടുക്കുന്നതിൽ ഗുരുതര വീഴ്ച

പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 മുതൽ 2024-25 വർഷം വരെയുള്ള കാലയളവിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മിച്ച 99 കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടങ്ങളെല്ലാം നിലവിലും അനധികൃത നിർമ്മിതികളായി നിലനിൽക്കുകയാണ്. കേരള

പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 W ൽ അനധികൃത കെട്ടിടങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കുന്നുണ്ട്. കെട്ടിടങ്ങളിൽ നിന്നും അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി ഈടാക്കുന്നതല്ലാതെ മറ്റ് നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത കെട്ടിടങ്ങളുമായി ബന്ധപ്പെട്ട വിവിധ കോടതി കേസുകൾ നിലവിലുണ്ട്. എന്നാൽ കേസ് നടത്തിപ്പ് കാര്യക്ഷമമല്ല എന്ന് ചില കേസ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. അനധികൃത കെട്ടിടങ്ങളിൽ പ്രധാനമായി "മലബാർ മെഡിക്കൽ കോളേജും" അനുബന്ധ കെട്ടിടങ്ങളുമാണ് ഉള്ളത്. ഇവയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന WP(C) 13803/2020 നമ്പർ കേസ് ഫയൽ പരിശോധിച്ചതിൽ അവസാനമായി ഹിയറിംഗ് നടന്നത് 09-11-2021 ലാണ് എന്നാണ് കാണുന്നത്. അതിന് ശേഷം ഈ കേസുമായി ബന്ധപ്പെട്ട് നാളിതുവരെ ഒരു നടപടിയും പഞ്ചായത്ത് എടുത്തിട്ടില്ല എന്ന് വ്യക്തമാണ്.

2023-24 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം ആകെ വന്ന 326 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ 241 അപേക്ഷകൾ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിന് വേണ്ടിയുള്ളവയാണ്. ഇതിൽ 230 അപേക്ഷകൾ ക്രമവൽക്കരിച്ച് നൽകുകയും 11 അപേക്ഷകൾ നിരസിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിരസിച്ച ക്രമവൽക്കരണ അപേക്ഷകൾ അനധികൃത കെട്ടിടമായി കണക്കാക്കി യു.എ നമ്പർ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമായിട്ടില്ല. പഞ്ചായത്തിൽ ഇത്രയധികം കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിക്കപ്പെടുകയും അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി ഈടാക്കി വരികയും ചെയ്തു വരുമ്പോഴും അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച ആവർത്തിക്കപ്പെടുന്നുണ്ട് എന്നത് ഇതിൽ നിന്നു തന്നെ വ്യക്തമാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (35/23-24 തീ.07-09-2024)മറുപടി ലഭ്യമാക്കിയിട്ടില്ല. യു.എ രജിസ്റ്റർ പ്രകാരം നിലവിലെ അനധികൃത കെട്ടിടങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതും നിശ്ചിത ഇടവേളകളിൽ വാർഡുകളിൽ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ

നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ഇപ്രകാരമുള്ള നിർമ്മാണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വിശദ മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-9 പഞ്ചായത്തിലെ കോടതി വ്യവഹാരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ

കോടതി കേസുകളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്ന സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് കക്ഷിയായ ആകെ 59 വ്യവഹാരങ്ങൾ ഉള്ളതിൽ 18 എണ്ണം തീർപ്പാകാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതിൽ പത്ത് വർഷത്തിൽ കൂടുതലായി നിലനിൽക്കുന്ന വ്യവഹാരങ്ങളും ഉൾപ്പെടുന്നുണ്ട്. തീർപ്പാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്ന വ്യവഹാരങ്ങളുടെ കോടതി ഉത്തരവിന്റെ വിശദ വിവരങ്ങൾ ഉൾപ്പടെയുള്ളവ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തീർപ്പാക്കിയ കേസുകൾ പഞ്ചായത്തിന് അനുകൂലമായി വിധി വന്നവയാണോ എന്നോ അപ്പീൽ നൽകേണ്ടവയുണ്ടോ എന്നോ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. കേസുകളുടെ തൽസ്ഥിതി വിവരങ്ങളും വിധിപ്പകർപ്പുകളും ഓൺലൈനായി കോടതി വെബ്സൈറ്റുകളിൽ നിന്നും ലഭ്യമാവുമെങ്കിലും ഈ ഉത്തരവുകൾ കേസ് ഫയലിനോടപ്പം പ്രിന്റ് എടുത്ത് സൂക്ഷിക്കുകയോ തുടർ നടപടിയുടെ ആവശ്യകത പരിശോധിച്ച് ഫയൽ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തീർപ്പാക്കാത്ത 18 കേസുകളുടെ മുഴുവൻ തൽസ്ഥിതി വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കോടതി വെബ്സൈറ്റുകളിൽ കേസുകളുടെ നിലവിലെ സ്റ്റാറ്റസ് പരിശോധിച്ചതിൽ പല കേസുകളിലും വർഷങ്ങളായി ഹിയറിംഗ് നടക്കാത്തതായും കോടതിയിൽ കേസ് ലിസ്റ്റ് ചെയ്യാത്തതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കേസ് നം | അവസാനമായി ഹിയറിങ് നടന്ന തീയതി |
|---|---|---|

| | | |
|---|---|---|
| 1 | WP(C) 13803/2020 | 09-11-2021 |
| 2 | WP(C) 2979/2017 | 30-01-2017 |

വാർഷിക കണക്ക് പ്രകാരം കേസ് നടത്തിപ്പിനായും ലീഗൽ ഒപ്പീനിയനായും 2023-24 സാമ്പത്തിക വർഷം 92,500/-രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കേസ് ഹിയറിങ്ങിന് വിളിച്ചതിന്റയും ഹാജരായതിന്റെയും വിവരങ്ങൾ മുഴുവൻ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (22/2023-34 തീ.07-09-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ കേസുകളുടെയും നിലവിലെ സ്ഥിതി വിവരം സ്യൂട്ട് രജിസ്റ്ററിൽ വിശദമായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്തിന് പ്രതികൂലമായി തീർപ്പായ മുഴുവൻ കേസുകളിലും അപ്പീൽ സാധ്യത പരിശോധിച്ച് തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച- അപാകതകൾ

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെടുന്ന സാഹചര്യത്തിൽ ആയത് സമയബന്ധിതമായി സസ്പെന്റ് ചെയ്തു എന്ന് ഉറപ്പ് വരുത്തുന്നതിൽ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട്. 2023-24 വർഷം പഞ്ചായത്തിൽ ആകെ 919 മരണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുടെ എണ്ണം കൃത്യമായി ലഭ്യമാക്കാൻ പഞ്ചായത്തിന് കവിഞ്ഞിട്ടില്ല. നേരിട്ട് പെൻഷൻ വിതരണം നടത്തുന്ന സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും മരണപ്പെട്ടവരുടെ ലിസ്റ്റ് രേഖാമൂലം പഞ്ചായത്തിൽ എല്ലാ മാസവും ലഭ്യമാക്കുന്നില്ല. സേവന സൈറ്റിൽ രേഖപ്പെടുത്തിയ ഡിസീസ്ഡ് ലിസ്റ്റ് എടുത്ത് അന്വേഷണം നടത്തി സസ്പെന്റ് ചെയ്യുന്ന നടപടിയാണ് പഞ്ചായത്ത് സ്വീകരിച്ചു വരുന്നത്. ഇത് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ മരണപ്പെട്ടവർക്ക് മരണപ്പെട്ടതിന് ശേഷവും

അധികമായി വിതരണം ചെയ്തത് തിരിച്ച് പിടിച്ചവയുടെയും തിരിച്ച് പിടിക്കാനായി നോട്ടീസ് നൽകിയവയുടെയും എണ്ണം അവശ്യപ്പെട്ടതിൽ (ഓഡിറ്റ് എൻകചയറി നം.19/24 Dtd 07-09-24) 2023 നവമ്പർ മാസം മുതലുള്ള 17 പേരുടെ കണക്ക് മാത്രമാണ് ലഭ്യമാക്കിയത്. മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാതെ അനർഹമായി അനുവദിച്ച പെൻഷൻ തുക തിരിച്ച് സർക്കാരിലേക്ക് അടവാക്കുന്നതിനായി ബന്ധപ്പെട്ട ബാങ്കുകൾക്ക് കത്ത് നൽകിയതല്ലാതെ ബാങ്കുകൾ ഈ തുക തിരിച്ച് സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. അനധികൃതമായി നൽകിയ പെൻഷൻ തുക സർക്കാരിലേക്ക് തിരിച്ച് അടവാക്കേണ്ടത് സെക്രട്ടറിയുടെ വ്യക്തിഗതമായ ഉത്തരവാദിത്തമായിരിക്കെ സമയബന്ധിതമായി പെൻഷൻ സസ്പെന്റ് ചെയ്യാത്തതും അനർഹമായി നൽകിയ തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാത്തതും സെക്രട്ടറിയുടെ വീഴ്ചയാണ്.

കൂടാതെ 60 വയസ്സ് പൂർത്തിയാവാത്ത വിധവ / അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ പുനർ വിവാഹിതയല്ല എന്ന സാക്ഷ്യപത്രം സമയബന്ധിതമായി പെൻഷൻ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യാത്തതിനാൽ 261 ഗുണഭോക്താക്കൾക്ക് 2023 ജൂലൈ മാസത്തെ പെൻഷൻ ലഭ്യമാവാതെ വരികയും ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടികളുണ്ടാവുകയും ചെയതിട്ടുണ്ട്. ഇതിൽ നിന്നെല്ലാം പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലും, മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നതിലും അനർഹമായി നൽകിയ പെൻഷൻ സർക്കാരിലേക്ക് തിരിച്ച് അടവാക്കുന്നതിലും പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് കാണുന്നു. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും അപാകത പരിഹരിക്കുന്നതിനുമുള്ള ക്രിയാത്മക നടപടികൾ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ചെയ്യേണ്ടതും വിശദ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-11 ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു.

| പ്രൊ നം, പേര് | 117/24 കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം | 216/24കോതങ്ങാട്ട് റോഡ് ഡ്രെയിനേജ് |
|---|---|---|
| എസ്റ്റിമേറ്റ് നം/ഫയൽ നം | 108257/2023 | 87954/2022 |
| അടങ്കൽ | 300000 | 50000 |
| ചെലവ് | 292652<br>തനത് ഫണ്ട് | 48146<br>Maintanance Grant -Road |
| ബിൽ വിശദാംശം | വൗച്ചർ നം. 22301202 തി. 25.07.2023 | 256/ 11-01-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയര് |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം, കോതങ്ങാട്ട് റോഡ് ഡ്രെയിനേജ്, കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് എന്നീ പ്രവൃത്തികളുടെ ഭാഗമായുള്ള മണ്ണ് ഖനന പ്രവർത്തികൾക്ക് സൈറ്റ് സാഹചര്യം , ഖനനത്തിന്റെ ആഴം എന്നിവ പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള 11.1.1.1 എന്ന ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. Setting Out, Construction Of Shoring And Bracing എന്നിവ അനിവാര്യമാകുന്ന സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന പ്രസ്തുത ഇനം പരമാവധി 80 **Cm** മാത്രം ആഴമുള്ള ഖനനങ്ങൾക്കായി ഉപയോഗിക്കുന്നതായി കാണുന്നു.

പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാനുവലിലെ അനുബന്ധം 1600 D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാതെയാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു

| പ്രൊ.നം, പേര് | കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം ( പ്രൊ നം, 117/24) | കോതങ്ങാട്ട് റോഡ് ഡ്രെയിനേജ് ( പ്രൊ നം, 216/24) |
|---|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി പ്രകാരം ഖനന പ്രവൃത്തികൾക്ക് ഉപയോഗിച്ച ഇനം, നിരക്ക് | 11.1.1.1, 769.56 | 11.1.1.1, 769.56 |

| | | |
|---|---|---|
| ഖനന പ്രവൃത്തിയുടെ അളവ്, ആഴം | 2.813 Cum , 75 Cm | 18.656 Cum , 80 Cm |
| കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | 769.56 | 687 |

തൻവർഷം ആസൂത്രണം ചെയ്ത് നടപ്പാക്കിയ സമാന സ്വഭാവമുള്ള മറ്റ് ഖനന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 3.5.1 (Mord), 2.8.1, 2.6.1 (DAR) എന്നീ ഇനങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നത് പ്രസക്തമാണ്. സമാന സാഹചര്യവും സ്വഭാവവുമുള്ള പ്രവൃത്തിക്ക് 3.5.1 പ്രകാരമുള്ള ഇനം പ്രയോജനപ്പെടുത്തിയതായും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാ- കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 3.5.1, 11.1.1.1 എന്നീ ഇനങ്ങൾ ഒരേ സൈറ്റിൽ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുണ്ട്.

കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് പ്രവൃത്തിയുടെ ഭാഗമായി ഐറിഷ് ഡ്രെയിനിനുള്ള 12 സെന്റിമീറ്റർ മാത്രം ആഴമുള്ള ഖനനത്തിനും 11.1.1.1 ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 12 മുതൽ 80 സെന്റിമീറ്റർ വരെ ആഴമുള്ള ഖനനത്തിനാണ് Setting Out, Construction Of Shoring And Bracing ഉൾപ്പെടുന്ന ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. ഇനത്തിന്റെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുമില്ല. അധിക ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പദ്ധതി പ്രകാരം ഖനന പ്രവൃത്തികൾക്ക് ഉപയോഗിച്ച ഇനം, കരാർ നിരക്ക് | 11.1.1.1, 769.56 | 11.1.1.1, 687 |
| ഖനന പ്രവൃത്തിയുടെ അളവ്, അനുവദിച്ച തുക( GST ഉൾപ്പെടെ) | 2.813 Cum, 2554.43 | 10.44 Cum (ബില്ലിൽ പരിമിതപ്പെടുത്തിയത്), 8463.29 |
| 3.5.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക (360.74 രൂപ എസ്റ്റിമേറ്റ് നിരക്കിൽ) | 1197.41 | 4444.02 |
| അധികമായി ചെലവഴിച്ച തുക | 1357 | 4019 |

അപാകത മൂലം 5376 രൂപയുടെ നഷ്ടമാണ് സ്ഥാപനത്തിനുണ്ടായിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(B)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. എസ്റ്റിമേറ്റുകളിൽ മിതത്വം പാലിക്കാതെ സ്ഥാപനത്തിന് അധിക ചെലവുണ്ടാകുന്ന രീതിയിലും ആവശ്യകത വ്യക്തമാക്കാതെയുമാണ് പ്രസ്തുത ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്.
3.5.1 ന് പകരം ഫൗണ്ടേഷനുള്ള 11.1.1.1 തെരഞ്ഞെടുക്കുകയും പ്രസ്തുത നിരക്കിൽ പ്രവർത്തി നിർവ്വഹിക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. MorD ലെ 3.5.1 മുതൽ 3.6 വരെയുള്ള

ഇനങ്ങളുടെ നിരക്ക് 36.47 രൂപ മുതൽ 360.74 വരെ മാത്രമാണ്. മേൽ സാഹചര്യത്തിലാണ് 769.56 രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ വെള്ളകെട്ടുള്ള സൈറ്റ് സാഹചര്യമായതിനാലും അളവുകൾ പരിമിതപ്പെടുത്തി നൽകിയതിനാൽ നഷ്ടം ഉണ്ടായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിച്ചത് ഡിസംബർ മാസത്തിലായതിനാലും കോംപാക്ട് ചെയ്ത റോഡ് വേയിലാണ് പ്രവൃത്തി നിർവ്വഹിച്ചത് എന്ന വസ്തുത പരിഗണിച്ചും 3.5.1 സൈറ്റിൽ നിർവ്വഹിച്ചതിനാലും മറുപടി പരിഗണനീയമല്ല. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>1-12 മണ്ണ് നീക്കം ചെയ്യുന്നതിന് തെറ്റായ ഇനം തെരഞ്ഞെടുത്തു.</u>

| | |
|---|---|
| പ്രൊ നം, പേര് | ഉക്കച്ചൻ കണ്ടി റോഡ് പ്രവൃത്തി. |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 87637/2022 |
| അടങ്കൽ | 280000 |
| ചെലവ് | 270709<br>തനത് ഫണ്ട് |
| ബിൽ വിശദാംശം | വൗച്ചർ നം. 22300675 തി. 25.09.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീനാഥ്.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഉക്കച്ചൻ കണ്ടി റോഡ് പ്രവൃത്തിയുടെ ആസൂത്രണത്തിൽ അപാകതകളുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 15 -ാം വാർഡിലുള്ള 72 മീറ്റർ മൺറോഡ് ടാർ റോഡാക്കി മാറ്റുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 72 മീറ്റർ ചെയിനേജിൽ മോർഡ് സ്പെസിഫിക്കേഷനിലെ Earth Work Exacavation (3.5.1) ഉൾപ്പെടുത്തി 72 മീറ്ററിൽ നിന്നും 25 സെന്റി മീറ്റർ ആഴത്തിൽ ഖനനം ചെയ്ത് GSB, WMM , MSS ചെയ്യുന്നതിനാണ് പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുള്ളത്. 72 മീറ്ററിൽ 5.7 മീറ്റർ ഒഴികെയുള്ള ഭാഗം ഒരേ ആഴത്തിൽ (25 സെന്റി മീറ്റർ ) പ്രവൃത്തി നിർവ്വഹിച്ചതായും 5.7 മീറ്റർ ചെയിനേജിൽ 10 മുതൽ 25 Cm ശരാശരി ആഴത്തിലും പ്രവൃത്തി നിർവ്വഹിച്ചതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ നിന്നും എംബാങ്ക്മെന്റിന് പകരം സബ്ഗ്രേഡ് നിരപ്പാക്കാനും ഉയരം കുറക്കാനുമായാണ് പ്രസ്തുത ഇനം ഉപയോഗപ്പെടുത്തിയതെന്നത് വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ 3.5.3 പ്രകാരമുള്ള ഇനം പ്രയോജനപ്പെടുത്താതെ 3.5.1 പ്രകാരമുള്ള ഖനന പ്രവൃത്തി 360.74 രൂപ നിരക്കിൽ നിർവ്വഹിച്ചത് മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഖനനം ചെയ്ത 51.3 ഘനമീറ്റർ അളവിലുള്ള മണ്ണിന്റെ തത്സ്ഥിതിയും ഓഡിറ്റിന് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ റോഡിന്റെ ചരിവ്, ഉയരം എന്നിവ കുറയ്ക്കുക എന്ന ഉദ്ദേശത്തോട് കൂടിയാണ് ഇനം നിർവ്വഹിച്ചതെന്നും റോഡിന്റെ ഇരുവശങ്ങളിലും കോമ്പൗണ്ട് വാളുകൾ ഉള്ളതിനാൽ മെക്കാനിക്കൽ പ്രവൃത്തി ഉപയോഗിക്കാതിരുന്നതെന്നും ഖനനം ചെയ്ത മണ്ണ് മറ്റ് റോഡുകളിലും ഇടവഴികളിലും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി നിർവ്വഹിച്ച 72 മീറ്റർ ചെയിനേജിൽ 66.3 മീറ്ററിൽ 25 സെന്റി മീറ്റർ ആഴത്തിലും 5.7 മീറ്ററിൽ (10+25)/2 സെന്റിമീറ്റർ ആഴത്തിലുമാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ആയതിൽ നിന്നും 5.7 മീറ്ററിൽ മാത്രമെ ചെരിവ് കുറവ് ചെയ്യുന്ന പ്രവൃത്തി നടന്നിട്ടുള്ളൂ എന്നത് വ്യക്തമാണ്. 2.85 മുതൽ 4.2 മീറ്റർ വരെ വീതിയുള്ള സൈറ്റിൽ മെക്കാനിക്കൽ പ്രവൃത്തി നിർവ്വഹിക്കാൻ സാധ്യമല്ലായിരുന്നു എന്ന മറുപടി പരിഗണനീയമല്ല.ഖനനം ചെയ്ത മണ്ണ് 50 മീറ്റർ ലീഡിൽ എംബാങ്ക്മെന്റ് ചെയ്യുന്നതിനുള്ള ലേബർ ഉൾപ്പെടുത്തിയാണ് 3.5.1 തയ്യാറാക്കിയിട്ടുള്ളത്. മണ്ണ് നീക്കം ചെയ്ത് ഉയരം കുറക്കുക എന്ന ഉദ്ദേശ്യത്തോടെ ആസൂത്രണം ചെയ്ത പ്രവൃത്തി 3.5.1 പ്രകാരം നിർവ്വഹിച്ചതിനാൽ അപാകത മൂലം താഴെ പറയും പ്രകാരമുള്ള നഷ്ടം സ്ഥാപനത്തിനുണ്ടായിട്ടുണ്ട്.

| 3.5.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയും അനുവദിച്ച തുകയും | 3.5.3 പ്രകാരം നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക | വിത്യാസം |
|---|---|---|
| 51.3×350×1.18=21186.9 | 2207.67 | 18979 |

നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് പ്രവൃത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

| | |
|---|---|
| പ്രൊ നം, പേര് | കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് |

| | |
|---|---|
| എസ്റ്റിമേറ്റ് നം/ഫയൽ നം | 88743/2022 |
| അടങ്കൽ | 800000 |
| ചെലവ് | 800000 മെയിന്റനൻസ് ഗ്രാന്റ്- റോഡ് |
| ബിൽ വിശദാംശം | ബിൽ നം. 93 തി. 12.07.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് എന്ന പ്രവൃത്തിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് 100491 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

- എസ്റ്റിമേറ്റ് പ്രകാരം കുളത്തിന്റെ ഭാഗത്ത് റോഡിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി ഫൗണ്ടേഷൻ, സൂപ്പർ സ്ട്രക്ചർ എന്നിവക്ക് 75.7.1 പ്രകാരമുള്ള DR Masonry ആണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത ഇനത്തിൽ ഉപയോഗപ്പെടുത്തുന്ന

മെറ്റീരിയൽ Random Rubble Stone (M-148), Through Bond Stone (M-361) എന്നിവയാണ്. റാന്റം റബിൾ മേസൺറി ആയതിനാൽ തന്നെ മെറ്റീരിയൽ കോസ്റ്റും ലേബർ കോസ്റ്റും കൂടുതലാണ്. പ്രസ്തുത ഇനത്തിന്റെ എസ്റ്റിമേറ്റ് നിരക്ക് ഘനമീറ്ററിന് 5951.13 രൂപയും കരാർ നിരക്ക് 6546 രൂപയുമാണ്. 6546 രൂപ നിരക്കിൽ കരാറുകാരന് 28.552 ഘനമീറ്ററിന് ജി.എസ്.ടി ഉൾപ്പെടെ 220543.64 രൂപ കരിങ്കൽ ഭിത്തി നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്.

. 04.09.2024 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ Random Rubble Stone , Through Bond Stone എന്നിവ ഉപയോഗിച്ചല്ല നിർമ്മാണം നടത്തിയിട്ടുള്ളതെന്നും റാന്റം റബിൾ പാക്കിംഗ് അല്ല നടത്തിയിട്ടുള്ളതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. DR Masonry ക്ക് OD398660/2022-2023 ഉപയോഗപ്പെടുത്തിയാണ് ഓഡിറ്റ് വർഷത്തിൽ മറ്റ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പ്രസ്തുത ഇനത്തിന്റെ എസ്റ്റിമേറ്റ് നിരക്ക് 3660.07 /Cum രൂപ മാത്രമാണ്. ആയത് പരിഗണിക്കുമ്പോൾ കരാറുകാരൻ ജി.എസ്.ടി ഉൾപ്പെടെ 123312.73 രൂപ മൂല്യ പ്രവൃത്തി മാത്രമെ നടത്തിയിട്ടുള്ളൂ എന്നത് വ്യക്തമാണ്. പഞ്ചായത്ത് ഫണ്ടിൽ നിന്നും 97231 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഫൗണ്ടേഷൻ ഉൾപ്പെടെയുള്ള ഭാഗങ്ങൾക്ക് റാന്റം റബിൾ മേസൺറി തെരഞ്ഞെടുക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

. പ്രവൃത്തിയുടെ ഭാഗമായി ഐറിഷ്, റൈറ്റ് സൈഡ് എന്നിവയുടെ കോൺക്രീറ്റിനായി 76.5 ച.മീ വിസ്തീർണ്ണത്തിൽ 10 സെ.മി കനത്തിൽ ക്വാറി മക്ക് വിരിച്ചിട്ടുള്ളതായും ആയതിന് പുറമെ 17.5 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ 30 സെ.മി കനത്തിൽ ക്വാറിമക്ക് ഫില്ലിംഗും നടത്തിയിട്ടുണ്ട്.ഇപ്രകാരം കോൺക്രീറ്റിംഗിനായി ആകെ 94 ചതുരശ്രമീറ്റർ വിസ്തൃതിയിൽ ക്വാറി മക്ക് വിരിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ ക്വാറി മക്ക് വിരിച്ചതായി രേഖപ്പെടുത്തിയ സ്ഥലത്ത് ആകെ 76.5 ച.മീ വിസ്തൃതിയിൽ മാത്രമെ കോൺക്രീറ്റിംഗ് നിർവ്വഹിച്ചിട്ടുള്ളൂ. ആയതിൽ

ഡി.ആർ മേസൺറിയുടെ മുകളിലുള്ള 10.32 ( 17.2×.6 ) ടോപ് ബെൽറ്റ് കോൺക്രീറ്റിംഗും ഉൾപ്പെടുന്നതാണ്. പ്രസ്തുത സ്ഥലത്ത് കാറിമക്ക് ഫില്ല് ചെയ്യേണ്ടതില്ല. ആയത് പരിഗണിക്കുമ്പോൾ 66.38 ച.മീ വിസ്തൃതിയിൽ മാത്രമെ കാറിമക്ക് ഫിൽ ചെയ്യേണ്ടതുള്ളൂ. 2.762 ഘന മീറ്റർ അളവിൽ കാറി മക്ക് അധികമായി ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1,034 രൂപ നിരക്കിൽ 2.762 ഘന മീറ്ററിന് ജി.എസ്.ടി ഉൾപ്പെടെ കരാറുകാരന് 3,260 രൂപയും കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

അപാകതകൾ മൂലം 1,00,491 രൂപയുടെ നഷ്ടമാണ് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ളത്. 1,00,491 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 ഖനനം ചെയ്ത മണ്ണ് സബ്ഗ്രേഡിന് ഉപയോഗപ്പെടുത്തിയില്ല

| | |
|---|---|
| പ്രൊ നം, പേര് | 241/24- ചെറുകരതാഴ കാവലായി താഴ റോഡ് പ്രവൃത്തി. |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 89358/2022 |
| അടങ്കൽ | 200000 |
| ചെലവ് | 195492<br>തനത് ഫണ്ട് |
| ബിൽ വിശദാംശം | വൗച്ചർ നം. 22300309 തി. 05.07.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചെറുകര താഴെ കാവലായി താഴെ റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കരിങ്കൽ ഭിത്തി നിർമ്മാണത്തിനായി ഖനനവും സബ്ഗ്രേഡ് നിർമ്മാണത്തിനായി എർത്ത് ഫില്ലിംഗും ഉൾപ്പെടുത്തിയിരുന്നു. എം ബുക്ക് പ്രകാരം **10.26** ഘനമീറ്റർ അളവിൽ മണ്ണ് ഖനനവും സബ്ഗ്രേഡ് നിർമ്മാണത്തിനായി **95.79** ഘനമീറ്റർ അളവിൽ എർത്ത് ഫില്ലിംഗും നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ സൈറ്റിൽ ലഭ്യമായിരുന്ന **10.26** ഘനമീറ്റർ മണ്ണ് സബ്ഗ്രേഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. അപാകത മൂലം **5569** രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. **5569** രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 റീ പെയിന്റിംഗിന് പുതിയ പെയിന്റിംഗിനുള്ള ഇനം- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

| പ്രൊ നം, പേര് | 337/24, തയ്യിൽ മീത്തൽ വിജ്ഞാൻ വാടി | 197/24, ചങ്ങരോത്ത് കോളനി വനിതാ സാംസ്കാരിക നിലയം നവീകരണം. | 210/2024,മത്സ്യ മാർക്കറ്റ് സൗകര്യപ്പെടുത്തൽ |
|---|---|---|---|
| എസ്റ്റിമേറ്റ് നം/ഫയൽ നം | 6680/2023 | 6677/2023 | 6675/2023 |

| | | | |
|---|---|---|---|
| അടങ്കൽ | 60000 | 270667 | 100000 |
| ചെലവ് | 59643 തനത് ഫണ്ട് | 119833 എസ്.സി.പി | 56310 തനത് ഫണ്ട് |
| ബിൽ വിശദാംശം | വൗച്ചർ നം. 22301143 തി. 15.02.2024 | 40/13.06.2023 | വൗച്ചർ നം. 22300251 തി. 25.06.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മത്സ്യമാർക്കറ്റ് നവീകരണം , ചങ്ങരോത്ത് കോളനി സാംസ്കാരിക നിലയം നവീകരണം , തയ്യിൽ മീത്തൽ വിജ്ഞാൻ വാടി എന്നീ പദ്ധതികൾ മുഖേന ആസൂത്രണം ചെയ്ത പ്രവൃത്തികളിൽ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത് **DAR** അദ്ധ്യായം **13** ലെ **(FINISHING ) 13.60.1** എന്ന ഇനമാണ്. പ്രസ്തുത ഇനം പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിന്റിംഗ് ചെയ്യുന്നതിനുള്ളതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളിൽ മുൻപ് പെയിന്റിംഗ് നടത്തിയിട്ടുള്ള ചുമരിലാണ് പെയിന്റിംഗ് നടത്തിയിട്ടുള്ളത്. **DAR** ലെ അദ്ധ്യായം **14** ൽ **(REPAIR TO BUILDINGS )** മേൽ പെയിന്റിംഗ് ഉപയോഗിച്ച് ചെയ്യുന്ന റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട ഐറ്റം **14.53.1** ആണ്.

ഇനങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ മെറ്റീരിയൽ , ലേബർ എന്നിവ **14.53.1** നെ അപേക്ഷിച്ച് **13.60.1** ൽ അധികമാണെന്നത് കാണാം . വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | **13.60.1** പ്രകാരമുള്ള അളവ് ( 10 Sqm) | **14.53.1** പ്രകാരമുള്ള അളവ് ( 10 Sqm) | **14.53.1** നെ അപേക്ഷിച്ച് **13.60.1**ലെ വിത്യാസം |
|---|---|---|---|---|
| Plastic Emulsion Paint (M 0835 ), | 200 | 1.21 Ltr | 0.73 | 0.48 അധികം |
| Painter (L0131 ) | 679 | .54 Day | .36 Day | 0.18 അധികം |
| Coolie (L 0115 ) | 558 | .54 Day | .36 Day | 0.18 അധികം |
| Sundries-<br>Materials For Filling In Holes And Cracks<br>(Putty Etc.)<br>T 9999 L.S | 2 | 6.76 | .52 | 6.24അധികം |
| Sundries<br>Brushes, Sand Paper Etc.<br>T 9999 L.S | 2 | 10.79 | 8.06 | 2.73 അധികം |
| Sundries<br>T 9999 L.S | 2 | 6.76 | 6.76 | 0 |
| Carriage<br>C 9977 | 2 | 1.43 | 5.33 | 3.9 കുറവ് |

കാര്യേജ് ഒഴികെയുള്ള ഇനങ്ങൾ **14.53.1** നെ അപേക്ഷിച്ച് **13.60.1ൽ** അധികമാണെന്ന് കാണാം. തയ്യിൽ മീത്തൽ വിജ്ഞാൻ വാടി നവീകരണം, മത്സ്യമാർക്കറ്റ് നവീകരണം എന്നീ പ്രവൃത്തികളിൽ ചുരണ്ടിയ ശേഷം പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ച വിസ്തീർണ്ണത്തിൽ **13.60.1** ആസൂത്രണം ചെയ്ത് നിർവ്വഹിച്ചത് പരിഗണിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള പെയിന്റിംഗിന് മുകളിൽ **13.60.1** പ്രകാരം പെയിന്റിംഗ് നിർവ്വഹിച്ചത് ലാഭകരമല്ല. മേൽ വിത്യാസം മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു.

| പ്രവൃത്തിയുടെ പേര് | 13.60.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്,അനുവദിച്ച തുക | 14.53.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ ( എസ്റ്റിമേറ്റ് നിരക്കിൽ ) | വിത്യാസം |
|---|---|---|---|
| തയ്യിൽ മീത്തൽ വിജ്ഞാൻ വാടി നവീകരണം 6680/2023 | 180.189 Sqm (287.995-107.806)<br>32399.49 രൂപ | 100.27×180.189×1.18= 21319.71 രൂപ | 11079.78 |
| ചങ്ങരോത്ത് കോളനി വനിതാ സാംസ്കാരിക നിലയം നവീകരണം | 659.13 Sqm<br>87110.62 രൂപ | 100.27×659.13×1.18=<br>77987.33 രൂപ | 9123.29 |
| മത്സ്യമാർക്കറ്റ് നവീകരണം | 157.541 Sqm (222.854−65.313) | 157.541×100.27×1.18=<br>18640.03 | 8129.33 |

| | | | |
|---|---|---|---|
| | 26769.36 | | |
| ആകെ | | | 28332 |

പ്രവൃത്തിക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് ലഭിച്ചു. പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരികരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 28332 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടതുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 വിതരണ പൈപ്പ് ലൈൻ നിരക്ക് നിശ്ചയിച്ചതിന് രേഖയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഏലിയോട്ട് മല കുടിവെള്ള പദ്ധതി, പിലാത്തോട്ടത്തിൽ കുടിവെള്ള പദ്ധതി, ആക്കിലാം കണ്ടി കുടിവെള്ള പദ്ധതി , വളയഞ്ചേരി കുടിവെള്ള പദ്ധതി എന്നീ പ്രവൃത്തികളുടെ ഭാഗമായി **75 Mm PVC** വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്**&** റി ഫില്ലിംഗിനും, പൈപ്പ് സ്ഥാപിക്കുന്നതിനും ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രത്യേക നിരക്കാണ് നൽകിയിരിക്കുന്നത്. പൈപ്പ് സ്ഥാപിക്കുന്നതിന് **LMR** നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

- ഏലിയോട്ട് മല കുടിവെള്ള പദ്ധതി,വളയഞ്ചേരി കുടിവെള്ള പദ്ധതി എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ **DAR** ലെ **50.18.9.8.1** എന്ന അപ്രൂവ്ഡ് ഒബ്സർവ്വ്ഡ് ഡാറ്റയിലെ **75 Mm 6KGF/CM2** പി.വി.സി പൈപ്പ് മാറ്റി **75 Mm 10 KGF/CM2** പി.വി.സി പൈപ്പാക്കി മാറ്റുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയാണ് പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്. **75 Mm 10 KGF/CM2** പി.വി.സി പൈപ്പിന്റെ വില **236** രൂപയായി നിശ്ചയിച്ചാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയത്. ഇനത്തിന്റെ ആകെ തുക **375.42**

രൂപയാണ് .എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ലോക്കൽ മാർക്കറ്റ് നിരക്കിന്റെ വിശദാംശവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

. **2021-22** വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പിലാത്തോട്ടത്തിൽ കുടിവെള്ള പദ്ധതി, ആക്കിലാം കണ്ടി കുടിവെള്ള പദ്ധതി എന്നീ പ്രവൃത്തികളിലും സമാനമായ അവ്യക്തത ഉണ്ട്. പൈപ്പിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് കണക്കാക്കിയതെങ്ങനെയെന്നത് വ്യക്തമാക്കിയിട്ടില്ല.

. തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയോട്ടും ഭാഗം വാട്ടർ സപ്ലൈ രണ്ടാം ഘട്ടം പദ്ധതിയുടെ എസ്റ്റിമേറ്റിലും **75 Mm 10 KGF/CM2** ഉപയോഗിക്കുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട്.(എസ്റ്റിമേറ്റ് നം. **19814/2023)** ഡാറ്റയിൽ **75 Mm 10 KGF/CM2** പി.വി.സി പൈപ്പിന്റെ വില **166** രൂപയായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഡാറ്റ പ്രകാരം ഒരു മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പരമാവധി നിരക്ക് **287.88** രൂപ മാത്രമാണ്. പ്രസ്തുത ഡാറ്റയുമായി താരതമ്യപ്പെടുത്തുമ്പോൾ മാർക്കറ്റ് വിലയായി **236** രൂപ ഉൾപ്പെടുത്തിയതിനാൽ ആകെ നിരക്കിൽ **87.54 (375.42−287.88)** രൂപ / മീറ്റർ അധികമാണെന്ന് കാണുന്നു. പൈപ്പിന്റെ മാർക്കറ്റ് വില നിശ്ചയിക്കുന്നതിനായി ആധാരമാക്കിയ രേഖയുടെ വിശദാംശം ലഭ്യമാക്കേണ്ടതും ആയതിന്റെ ആധികാരികത വ്യക്തമാക്കേണ്ടതുമാണ്.

അപാകതകൾക്ക് ലഭ്യമാക്കിയ മറുപടിയിൽ മിക്ക പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തിലും ഉപയോഗപ്പെടുത്തിയ ഒബ്സർവ്വ്ഡ് ഡാറ്റയാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിന് പുറമെ ലോക്കൽ മാർക്കറ്റ് നിരക്കുകൾ താരതമ്യം ചെയ്താണ് നിരക്ക് നിശ്ചയിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ പ്രസ്തുത നിരക്കുകൾ പരിശോധിച്ചതിൽ ആയവ 2021 മുതലുള്ള റേറ്റുകളാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

പി.ഡബ്ലിയു.ഡി റിവൈസ്ഡ് മാന്വലിലെ സെക്ഷൻ 1703 ൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ എല്ലാവർഷവും ഏപ്രിൽ 1, ഒക്ടോബർ 1 തിയ്യതികളിൽ ലോക്കൽ മാർക്കറ്റ് റേറ്റ് പ്രസിദ്ധപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത്തരമൊരു രേഖയുടെ അഭാവത്തിൽ മറുപടി പരിഗണനനീയമല്ല. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസിദ്ധപ്പെടുത്തിയ മാർക്കറ്റ് റേറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-17 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഇനങ്ങൾ നിർവ്വഹിക്കുന്നില്ല- കരാറുകാരന് 72 % അധിക തുക നൽകി.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ ശ്രീ.റിതു.എം.വി എന്നവർ കരാറുകാരനായി നിർവ്വഹിച്ച പ്രവൃത്തികളിൽ കരാറിലേർപ്പെട്ട മുഴുവൻ ഇനങ്ങളും നിർവ്വഹിക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എടത്തിൽ ആശാരികാവ് റോഡ് പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരൻ എസ്റ്റിമേറ്റ് പ്രകാരം 112761 മൂല്യമുള്ള ഐറിഷ് ഡ്രെയിൻ പ്രവൃത്തികൾ 1049 രൂപ നിരക്കിൽ നിർവ്വഹിക്കുന്നതിന് കരാർ ചമച്ചിരുന്നു. എന്നാൽ പ്രസ്തുത ഇനങ്ങൾ കരാറുകാരൻ നിർവ്വഹിച്ചിട്ടില്ല. ഇക്കാരണത്താൽ മാത്രം 111712 രൂപയുടെ നഷ്ടമാണ് സ്ഥാപനത്തിനുണ്ടായിട്ടുള്ളത്. വിശദാംശങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഇനം | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് പ്രകാര മുള്ള അളവ് | ആകെ | കരാർ നിരക്ക് | നിർവ്വ ഹിച്ച അളവ് | നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | 75.5.5.A.1 Pb : MPM 50 MM | 302.92 | 33.7 | 12045.92 | 35.72 | 33.7 | 1420.44 |
| 2 | 75.5.5.B.2 Pb : MPM 75 MM | 390.55 | 33.7 | 15530.61 | 35.72 | 33.7 | 1420.44 |
| 3 | 75.5.2.2.Pb : Tack Coat | 18.68 | 450 | 9919.08 | 299.91 | 450 | 159252.21 |
| 4 | 75.5.11.2.A.Pb :MSS | 280.75 | 450 | 149078.25 | 299.91 | 450 | 159252.21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 75.8.1 Concrete For Irish | 8358.3 | 10.272 | 101310.62 | 10.89 | 0 | 0.00 |
| 6 | OD293427/2022-2023:Filling Quarry Muck For Irish | 940.22 | 8.56 | 9496.97 | 9.08 | 0 | 0.00 |
| 7 | 3.5.2:Excavation For Irish | 64.45 | 25.68 | 1952.99 | 27.22 | 0 | 0.00 |
| | | | | 299334.44 | | | 321345.3 |

മേൽ പട്ടികയിലെ ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മൂല്യം 186574 രൂപയാണ്. എന്നാൽ കരാറുകാരൻ മേൽ ഇനങ്ങൾക്കായി കാട്ട് ചെയ്തിട്ടുള്ളത് 321346 രൂപയാണ്. ക്രമ നം 5 മുതൽ 7 വരെയുള്ള ഇനങ്ങളുടെ എസ്റ്റിമേറ്റ് മൂല്യം 112761 രൂപയാണ്. എന്നാൽ കരാറുകാരൻ മേൽ ഇനങ്ങൾക്കായി കാട്ട് ചെയ്തിട്ടുള്ളത് 1049 രൂപയാണ്. കരാറുകാരൻ 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾ മാത്രം നിർവ്വഹിക്കുകയും 5 മുതൽ 7 വരെയുള്ള ഇനങ്ങൾ നിർവ്വഹിക്കാതിരിക്കുകയും ചെയ്തതിലൂടെ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 72.24 ശതമാനം തുക കരാറുകാരന് അനുവദിക്കപ്പെട്ടു.

അസാധാരണമായ കുറവ് രേഖപ്പെടുത്തിയ ഇനങ്ങൾ നിർവ്വഹിക്കാതിരിന്നത് സ്ഥാപനത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ട്. കരാർ വെച്ച ഇനങ്ങൾ പൂർണ്ണമായി നിർവ്വഹിക്കാതെ ഫൈനൽ ബിൽ നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 321346 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കരാറുകാരനായ റിതു എം.വി എന്നവർ വിചിത്രമായ രീതിയിലാണ് ഇനങ്ങളുടെ നിരക്ക് കാട്ട് ചെയ്തിട്ടുള്ളത്.വിശദാംശം പട്ടികയിൽ ചേർത്തത് കാണുക.

കണ്ണിപൊയിൽ ചിരട്ടക്കര റോഡ് റീടാറിംഗ്

| ഇനം | എസ്റ്റിമേറ്റ് നിരക്ക് | കരാർ നിരക്ക് | വിത്യാസം |
|---|---|---|---|
| 75.5.5.A.1 Pb : MPM 50 MM | 302.92 | 42.62 | 85.94% കുറവ് |
| 75.5.5.B.2 Pb : MPM 75 MM | 390.55 | 32.52 | 91.68 % കുറവ് |

| | | | |
|---|---|---|---|
| 75.5.2.2.Pb : Tack Coat | 18.68 | 89.35 | 378.3% കൂടുതൽ |
| 75.5.11.2.A.Pb :MSS | 235.45 | 225.5 | 4.2% കുറവ് |
| OD Filling Quarry Muck | 940.32 | 0.26 | 99.9% കുറവ് |
| 75.8.1 Concrete 1:2:4 | 8358.3 | 0.32 | 99.99% കുറവ് |

തോരായി അങ്ങാടി വെള്ളായിക്കോട് ഉണ്ണിയേച്ച് കണ്ടി റോഡ് പ്രവൃത്തിയിലും സമാനമായ അപാകത ഉണ്ടായിട്ടുണ്ട്.

പരിശോധിച്ച ഫയലുകളിൽ നിന്നും റിതു.എം.വി എന്ന കരാറുകാരൻ നിർവ്വഹണം നടത്തിയ പദ്ധതികളിലാണ് അപാകത ഉണ്ടായിട്ടുള്ളതെന്നും മുഴുവൻ ഇനങ്ങളും നിർവ്വഹിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥർ ഫൈനൽ ബിൽ അനുവദിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ ഉപയോഗപ്പെടുത്തിയില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷത്തിൽ ആസൂത്രണം ചെയ്ത് നിർവ്വഹിച്ച കോവിലോടി പുതുക്കുടി മീത്തൽ കോൺക്രീറ്റ് റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ സ്റ്റോൺ റബിൾ മേസൺറി പൊളിച്ച് മാറ്റുന്നതിനുള്ള DAR ലെ 15.9.2 പ്രകാരമുള്ള ഇനം ആസൂത്രണം ചെയ്യുകയും എം ബുക്ക് പ്രകാരം പ്രസ്തുത ഇനം നിർവ്വഹിച്ചതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. DAR ലെ 15.9.2 പ്രകാരം സ്റ്റോൺ റബിൾ മേസൺറി പൊളിച്ച് ഉപയോഗ യോഗ്യമായവ സ്റ്റാക്ക് ചെയ്യുകയും ഉപയോഗ യോഗ്യമല്ലാത്തവ ഡിസ്പോസ് ചെയ്യുകയും വേണം. എം ബുക്ക് പ്രകാരം 20.32 ഘനമീറ്റർ അളവിൽ പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ വിവരം എം ബുക്കിൽ ഇല്ല.

എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയിൽ DR Masonry ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി കരാറുകാരൻ 36.326 ഘനമീറ്റർ കരിങ്കല്ല് ഇറക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡിപാർട്ട്മെന്റ് മെറ്റീരിയൽ സൈറ്റിൽ

ലഭ്യമായിരുന്ന സാഹചര്യത്തിലും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ പർച്ചേസ് ഓർഡർ നൽകി തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഡിപ്പാർട്ട് മെന്റ് മെറ്റീരിയലിന്റെ തത്സ്ഥിതി വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് ലഭ്യമാക്കിയ മറുപടിയിൽ ഉപയോഗപ്രദമായ മെറ്റീരിയൽ ഭാഗികമായി മാത്രമെ ലഭ്യമായിട്ടുള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. സ്റ്റാക്ക് മെഷർ ചെയ്യാത്ത സാഹചര്യത്തിൽ മറുപടി പരിഗണനീയമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി ഉൾപ്പെടെയുള്ള ഘടകങ്ങളുടെ മോണിറ്ററിംഗ് ഫലപ്രദമാക്കി അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഏലിയോട്ട് മല കുടിവെള്ള പദ്ധതി, പിലാത്തോട്ടത്തിൽ കുടിവെള്ള പദ്ധതി, ആക്കിലാം കണ്ടി കുടിവെള്ള പദ്ധതി , വളയഞ്ചേരി കുടിവെള്ള പദ്ധതി, രാരോത്ത് താഴെ കുടിവെള്ള പദ്ധതി എന്നിവ പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുക, വാട്ടർ ടാങ്ക് സ്ഥാപിക്കുക, കിണർ നിർമ്മിക്കുക എന്നീ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപനം ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെയാണ് കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്.വിശദാംശം ചുവടെ ചേർക്കുന്നു.

. 19.04.2022 തിയ്യതിയിലെ സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 (23) പ്രകാരം ഗ്രാമീണ

മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള “ജൽജീവൻ മിഷൻ” പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ **15%** വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് — ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെ കാരണം വ്യക്തമല്ല. പദ്ധതികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അടിയന്തിര സാഹചര്യം മുൻനിർത്തി ആസൂത്രണം ചെയ്തവയല്ലെന്നതും വ്യക്തമാണ്.

ജൽ ജീവൻ മിഷൻ പോലുള്ള ശാശ്വത പരിഹാരത്തിനുള്ള പദ്ധതി **2024-25** വർഷത്തിൽ നിലവിൽ വരുമെന്ന വസ്തുത പരിഗണിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത മൂലം പദ്ധതികളിൽ ഇരട്ടിപ്പുണ്ടാവാനും നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കപ്പെടാനും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാവാനും സാധ്യതയുണ്ട്. തുടർ വർഷത്തെ പദ്ധതികളുടെ ആസൂത്രണത്തിൽ പ്രസ്തുത ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും AMC- എണ്ണത്തിൽ വ്യത്യാസം

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 130/24

പ്രോജക്ട് : കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും AMC

ബിൽ നമ്പർ തുക : 23160452031000772816/10-11-2023, 56,640/-

സാങ്ഷൻ ഓർഡർ നമ്പർ തുക : 450/24-03-2024, 50,000/-

പഞ്ചായത്തിലെ 20 ഡെസ്ക്ടോപ് കമ്പ്യൂട്ടറുകൾ, 1 സെർവർ കമ്പ്യൂട്ടർ, 25 KV ഓൺലൈൻ യു.പി.എസ് എന്നിവയുടെ വാർഷിക പരിപാലനത്തിലായി ക്വട്ടേഷൻ ക്ഷണിച്ചതിൽ, താഴെ കാണിക്കും പ്രകാരം കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത Elaria എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്.

| | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ഡെസ്ക്ടോപ് കമ്പ്യൂട്ടർ | 20 | 1950 | 39000 |
| 2 | സെർവർ കമ്പ്യൂട്ടർ | 1 | 18000 | 18000 |
| 3 | KVഓൺലൈൻ യു പി എസ് | 2 | 9250 | 18500 |
| | | | | 75500 |
| | GST 18 % | | | 13590 |
| | ആകെ | | | 89090 |

ഇതിന്റെ അടിസ്ഥാനത്തിൽ തൻവർഷം 50,000/-രൂപയും മുൻവർഷ ബാക്കിയായ 56640/-രൂപയും Elaria യ്ക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹാർഡ് വെയർ എ.എം.സി രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നമ്പർ 0 മുതൽ 36 വരെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. എ.എം.സി രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ വിശദാംശം ചുവടെ കാണിക്കുന്നു.

| പേജ് നമ്പർ | ഇനം | പരാമർശം |
|---|---|---|
| | | |

| | | |
|---|---|---|
| 0 | Server Computer | 07-11-2019 മുതൽ 06-11-2021വരേയുള്ള AMCരേഖപ്പെടുത്തിയിട്ടുണ്ട്.(Rtech Solutions) |
| 1 | Proxy Machine | 12-01-2023 വരെ ഇനീഷ്യൽ വാറന്റി(AMCരേഖപ്പെടുത്തിയിട്ടില്ല) |
| 2 | All In One Printer | AMCരേഖപ്പെടുത്തിയിട്ടില്ല |
| 3 | All In One Printer | AMCരേഖപ്പെടുത്തിയിട്ടില്ല |
| 4 | Modem | |
| 5 | Net Working Switch | |
| 6 | BBNL Modem | |
| 7 | Desktop Computer | 12-01-2023വരേ ഇനീഷ്യൽ വാറന്റി(AMCരേഖപ്പെടുത്തിയിട്ടില്ല) |
| 8 | Cient Machine Computer | 12-01-2023വരേ ഇനീഷ്യൽ വാറന്റി(AMCരേഖപ്പെടുത്തിയിട്ടില്ല) |
| 9 | Desktop | AMCവിശദാംശം രേഖപ്പെടുത്തിയിട്ടില്ല |

| | | |
|---|---|---|
| | | |
| 10 | Desktop | Maxys എന്ന സ്ഥാപനം AMCഏറ്റെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് |
| 11 | Computer | AMCവിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 12 | Cient Machine Computer | Maxys എന്ന സ്ഥാപനം AMCഏറ്റെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് |
| 13 | Desktop | AMCവിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 14 | Printer | AMCവിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 15 | Desktop | AMCവിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 16 | D Link Modem | |

| | | |
|---|---|---|
| 17 | Desktop | AMCവിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 18 | Desktop | AMCവിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 19 | Printer | |
| 20 | High Speed Scanner | |
| 21 | Mike And Speaker | |
| 22 | Token Machine | |
| 23 | TV | |
| 24 | CC TV | |
| 25 | Printer | |
| 26 | Desktop | AMCവിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 27 | Printer | |
| 28 | Desktop | വാറന്റിയുള്ളത് |

| | | |
|---|---|---|
| 29 | Desktop | 3വർഷ വാറന്റിയുള്ളത് |
| 30 | Laptop | 3വർഷ വാറന്റിയുള്ളത് |
| 31 | Laptop | 3വർഷ വാറന്റിയുള്ളത് |
| 32 | Laptop | 3വർഷ വാറന്റിയുള്ളത് |
| 33 | രേഖപ്പെടുത്തലില്ല | ----- |
| 34 | Printer | വാറന്റിയുള്ളത് |
| 35 | Printer | വാറന്റിയുള്ളത് |
| 36 | Printer | വാറന്റിയുള്ളത് |

പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തൻവർഷം 89,090/-രൂപ നൽകേണ്ടതിനു പകരം തൻവർഷ പ്രൊജക്ടിന്റെ കൂടെ കഴിഞ്ഞ വർഷ പ്രൊജക്ടിൽ നൽകാനവശേഷിക്കുന്ന തുക കൂടി സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്താതെ നൽകി.

2) തുക നൽകാൻ കണക്കാക്കിയ ഉപകരണങ്ങളുടെ എണ്ണവും ഹാർഡ് വെയർ എ.എം.സി രജിസ്റ്റർ പ്രകാരമുള്ള ഉപകരണങ്ങളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല.

3) ഹാർഡ് വെയർ എ.എം.സി രജിസ്റ്റർ AMCവിശദാംശം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 37/2023-24 ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ കാരണം ചെലവു തുക തടസ്സത്തിൽ വെക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**1-21 എസ് എസ് എ വിഹിതം - വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല**

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 8/24

പ്രോജക്ട് : എസ്. എസ്. കെ വിഹിതം നൽകൽ

ബിൽ നമ്പർ : 1/29-11-2023

തുക : 750,000/-

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ പ്രൊജക്ട് കോർഡിനേറ്റർക്ക് 750,000/- രൂപ കൈമാറിയിട്ടുണ്ട്.സ.ഉ.(കൈ) നം.84/2022ത.സ്വ.ഭ.വ. തി. 19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 08.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ പങ്കാളിത്തതോടെയായിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. പഞ്ചായത്തുകൾ നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പരിപാടികൾ/പ്രവർത്തനങ്ങൾ അതാതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കാനും നിർദ്ദേശിക്കുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ പ്രൊജക്ടുകളുടെ രൂപരേഖയോ

വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 39/2023-24 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-22 എം ബുക്ക് അളവുകളിൽ വിത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ എം ബുക്ക് അളവുകളും സൈറ്റ് അളവുകളും തമ്മിൽ പൊരുത്തപ്പെടാത്ത വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുഴിക്കാട്ട് മീത്തൽ റോഡ് എന്ന പ്രവൃത്തിയുടെ എം ബുക്കിൽ ടോപ് ബെൽറ്റ് കോൺക്രീറ്റ് അളവ് എം ബുക്കിൽ രേഖപ്പെടുത്തിയതിൽ 1.715 ഘന മീറ്റർ അളവ് സൈറ്റിൽ നിർവ്വഹിച്ചിട്ടില്ലെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ അളവ് എസ്റ്റിമേറ്റ് അളവിലേക്ക് പരിമിതപ്പെടുത്തിയതിനാൽ അധിക ചെലവ് ഉണ്ടായിട്ടില്ല.
2. കൊത്തങ്കൽ പുതിയോട്ടിൽ മൂടക്കുഴി റോഡ് പ്രവൃത്തിയുടെ ഭാഗമായി ഐറിഷ്, റൈറ്റ് സൈഡ് എന്നിവയുടെ കോൺക്രീറ്റിനായി 76.5 ച.മീ വിസ്തീർണ്ണത്തിൽ 10 സെ.മി കനത്തിൽ ക്വാറി മക്ക് വിരിച്ചിട്ടുള്ളതായും ആയതിന് പുറമെ 17.5 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ 30 സെ.മി കനത്തിൽ ക്വാറിമക്ക് ഫില്ലിംഗും നടത്തിയിട്ടുണ്ട്. ഇപ്രകാരം കോൺക്രീറ്റിംഗിനായി ആകെ 94 ചതുരശ്രമീറ്റർ വിസ്തൃതിയിൽ ക്വാറി മക്ക് വിരിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ ക്വാറി മക്ക് വിരിച്ചതായി രേഖപ്പെടുത്തിയ സ്ഥലത്ത് ആകെ 76.5 ച.മീ വിസ്തൃതിയിൽ മാത്രമെ കോൺക്രീറ്റിംഗ് നിർവ്വഹിച്ചിട്ടുള്ളൂ. ആയതിൽ ഡി.ആർ മേസൺറിയുടെ മുകളിലുള്ള 10.32 ( 17.2×.6 )

ടോപ് ബെൽറ്റ് കോൺക്രീറ്റിംഗും ഉൾപ്പെടുന്നതാണ്. പ്രസ്തുത സ്ഥലത്ത് കാറിമക്ക് ഫില്ല് ചെയ്യേണ്ടതില്ല. ആയത് പരിഗണിക്കുമ്പോൾ 66.38 ച.മീ വിസ്തൃതിയിൽ മാത്രമെ കാറിമക്ക് ഫിൽ ചെയ്യേണ്ടതുള്ളൂ. 2.762 ഘന മീറ്റർ അളവിൽ കാറി മക്ക് അധികമായി ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അളവുകളിലെ വിത്യാസം വിശദീകരിക്കേണ്ടതാണ്.

3. ചിറപ്പറത്ത് വയൽ മൊടക്കല്ലൂർ ക്ഷേത്രം റോഡ് പ്രവൃത്തിയുടെ ബില്ലിൽ പ്രൈം കോട്ട് , ടാക് കോട്ട് എന്നിവ 153 Sqm വിസ്തൃതിയിലാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ MSS 140 Sqm വിസ്തൃതിയാലാണ് അനുവദിച്ചിട്ടുള്ളത്. അളവിലെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെക്ക് മെഷർ ചെയ്യുന്ന ഉദ്യോഗസ്ഥൻ , മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാലാണ് അപാകത ഉണ്ടായിട്ടുള്ളത്. വീഴ്ച ഭാവിയിൽ ക്രമക്രേടുകൾക്ക് വഴിവെയ്ക്കുകയും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുകയും ചെയ്യും ( ഉദാ- കൊത്തങ്കൽ പുതിയോട്ടിൽ മൂടക്കുഴി റോഡ് പ്രവൃത്തി ). അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി ഫലപ്രദമായി ഇടപെടൽ നടത്തുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-23 സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച നിരക്കിൽ കരാർ നൽകി.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിച്ചത് ക്വട്ടേഷൻ നടപടിയിലൂടെയാണ്. വിവിധ നിരക്കുകളിലാണ് സിമന്റ് സമാഹരിച്ചിട്ടുള്ളത്. സെക്യൂർ പ്രകാരം 11912 രൂപയാണ് ഒരു

ടൺ സിമന്റിന്റെ എസ്റ്റിമേറ്റ് നിരക്ക്. 2023-24 വർഷത്തിൽ 1.2 ശതമാനം കുറവ് മുതൽ എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള നിരക്കിലാണ് സിമന്റ് സമാഹരിക്കുന്നതിന് കരാർ നൽകിയിട്ടുള്ളത്. അതായത് 50 കിലോയുടെ ഒരു ബാഗ് സിമന്റിന് 588 മുതൽ 595 രൂപ നിരക്കിൽ സമാഹരിക്കുന്നതിനാണ് കരാറുകൾ ചമച്ചിട്ടുള്ളത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്ത്, 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം സെക്യുർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും എം.ആർ.പി രേഖപ്പെടുത്തിയ പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്നും സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430 രൂപയാണെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് ടണ്ണിന് 9307 രൂപയാണ്. അതായത് ബാഗിന് 465 രൂപ മാത്രം.മേൽ സാഹചര്യത്തിലാണ് ഒരു ബാഗ് സിമന്റിന് 588 മുതൽ 595 രൂപ നിരക്കിൽ സമാഹരിക്കുന്നതിനായി സ്ഥാപനം കരാർ ചമച്ചിട്ടുള്ളത്.

മഠത്തിൽ പറമ്പത്ത് നെടുവപ്പാറ റോഡ് , വാർഡ് 16 (RC/391022) എന്ന പ്രവർത്തി 6.12.2023 തിയ്യതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ കരാറുകാരന് തുക അനുവദിച്ചിട്ടില്ല. 50 കിലോ ബാഗിന് 550 രൂപ നിരക്കിൽ തുക അനുവദിക്കുന്നതിനാണ് കരാറുകാരൻ ബിൽ സമർപ്പിച്ചിട്ടുള്ളത്. ബില്ലുകളിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ് , ഗ്രേഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ചമക്കുന്ന കാലയളവിൽ സൂചനാ ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ

പരിമിതപ്പെടുത്തുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുക കരാറുകാരന് ലഭ്യമാക്കുന്ന നടപടി പൂർത്തിയാകാത്ത സാഹചര്യത്തിൽ ലോക്കൽ മാർക്കറ്റ് നിരക്കിൽ തുക പരിമിതപ്പെടുത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

**<u>1-24 കരാർ വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരനെ ടെർമിനേറ്റ് ചെയ്തില്ല.</u>**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിവിധ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ നടപടി സ്വീകരിച്ചതിൽ കാലിതൊഴുത്ത്, കോഴിക്കൂട് നിർമ്മാണ പദ്ധതികളുടെ കരാറെടുത്ത വിജീഷ്.വി.ബി എന്നവർ ഓഡിറ്റ് തിയ്യതി വരെയും സാധനങ്ങൾ വിതരണം ചെയ്യുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല.

16.03.2024 തിയ്യതിയിൽ കരാറിലേർപ്പെട്ട വിജീഷ്.വി.ബി ക്ക് 11.06.2024 തിയ്യതിയിൽ ഏഴ് ദിവസത്തിനകം സാധനങ്ങൾ വിതരണം ചെയ്യണമെന്ന വ്യവസ്ഥയോടെ പർച്ചേസ് ഓർഡർ നൽകിയിട്ടും ഓഡിറ്റ് തിയ്യതി വരെയും ആയത് പാലിക്കപ്പെട്ടിട്ടില്ല. കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതാണ്. പർച്ചേസ് ഓർഡർ നൽകുന്നതിലുണ്ടായ കാലതാമസവും വിശദീകരിക്കപ്പെട്ടിട്ടില്ല. കരാറുകാരനെതിരെ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-25 വാട്ടർ ടാങ്ക് വിതരണം നടത്താത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല</u>**

നിർവഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

പ്രോജക്ട് നമ്പർ : 91/24

പ്രോജക്ട് : പട്ടിക ജാതി വിഭാഗം ജനങ്ങൾക്ക് കുടിവെള്ളടാങ്ക് വിതരണം

ബിൽ നമ്പർ ,തുക : 2316045203210151 6098/24-03-2024, 148,000/-

'സാങ്ഷൻ ഓർഡർ നമ്പർ ,തുക : 460/24-04-2024, 37,000/-

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി വിഭാഗം ജനങ്ങൾക്ക് കുടിവെള്ളടാങ്ക് വിതരണം നടത്തുന്നതിനായി പദ്ധതി രൂപീകരിക്കുകയും ഇതിനായി കുടിവെള്ള ടാങ്കുകൾ വിതരണം നടത്തുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടറിൽ നാലു വിതരണക്കാർ പങ്കെടുക്കുകയുണ്ടായി. അവർ ക്വോട്ട് ചെയ്ത നിരക്ക് താഴെ കാണിക്കുന്നു.

| | വിതരണക്കാർ | നിരക്ക് |
|---|---|---|
| 1 | മാനേജിംഗ് പാർട്ണർ,<br>ഡ്രീം ഹോം ഫർണിച്ചർ & ഇന്റീരിയേഴ്സ്,<br>വൈകുണ്ഡം,ബാലുശ്ശേരി,673612 | 3096 |
| 2 | പി ജി എന്റർപ്രൈസസ്,<br>വെള്ളയൂർ,നിലമ്പൂർ,<br>മലപ്പുറം | 3450 |
| 3 | മാനേജർ,<br>ഹെഡ്കോ മലബാർ ആർക്കേഡ്,<br>പന്തീരങ്കാവ് പി ഒ,കോഴിക്കോട് | 3495 |

| | | |
|---|---|---|
| 4 | തൃപ്തി ഇലക്ട്രിക്കൽസ് | 3749 |

ഇതിൽ ഏറ്റവും കുറവ് നിരക്ക് കോട്ട് ചെയ്ത ഡ്രീം ഹോം ഫർണിച്ചർ & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും അവർക്ക് സപ്ളൈ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ ഈ സ്ഥാപനം വാട്ടർ ടാങ്കുകൾ വിതരണം നടത്തിയില്ല. തുടർന്ന് പി.ജി എന്റർപ്രൈസസ്, ഹെഡ്കോ എന്നീ സ്ഥാപനങ്ങളോടും വാട്ടർ ടാങ്കുകൾ വിതരണം നടത്താൻ സപ്ളൈ ഓർഡർ നൽകിയെങ്കിലും ഈ സ്ഥാപനങ്ങളും വാട്ടർ ടാങ്കുകൾ വിതരണം നടത്തിയില്ല. ഈ മൂന്നു സ്ഥാപനങ്ങളും ടാങ്കുകൾ വിതരണം നടത്താത്തതിനെ തുടർന്ന് നാലാമതായി കോട്ട് ചെയ്ത തൃപ്തി ഇലക്ട്രിക്കൽസിന് സപ്ളൈ ഓർഡർ നൽകുകയും വാട്ടർ ടാങ്ക് ഒന്നിന് 3,710/-രൂപാ നിരക്കിൽ 50 വാട്ടർ ടാങ്കുകൾ വിതരണം നടത്തുകയും ചെയ്തു. ആദ്യ മൂന്നു സ്ഥാപനങ്ങളും ടാങ്കുകൾ വിതരണം നടത്താത്തതിനാൽ ഉയർന്ന നിരക്കിൽ വാട്ടർ ടാങ്കുകൾ വാങ്ങേണ്ടി വന്നു. പഞ്ചായത്ത് വാട്ടർ ടാങ്കുകൾ വാങ്ങുന്നതിനായി താഴെ കാണിക്കും പ്രകാരം 30,200/-രൂപ അധികമായി നൽകേണ്ടി വന്നു.

| | വിതരണക്കാർ | നിരക്ക് | വാങ്ങിയ എണ്ണം | ആകെ നൽകേണ്ട തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1 | ഡ്രീം ഹോം ഫർണിച്ചർ & ഇന്റീരിയേഴ്സ് | 3096 | 50 | 154,800 | ……….. |
| 2 | തൃപ്തി ഇലക്ട്രിക്കൽസ് | 3710 | 50 | 185,000 | 30,200 |

ടെണ്ടറിൽ പങ്കെടുത്തതിനു ശേഷം സാധനങ്ങൾ വിതരണം ചെയ്യാത്ത വിതരണക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സ്റ്റോർ പർച്ചേഴ്സ് മാനവൽ 2013 ചട്ടം 5.25, 10.29, 10.30 എന്നിവയിൽ വ്യക്തമാക്കുന്നുണ്ട്. ഇതു പ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക,പെർഫോമൻസ്

ഗ്യാരന്റി കണ്ടുകെട്ടുക, വിലക്കുകൾ/പിഴകൾ ചുമത്തുക, നഷ്ടം ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.എന്നാൽ തുക കോട്ട് ചെയ്ത്, സപ്ളൈ ഓർഡർ ലഭ്യമായതിനു ശേഷം സാധനം വിതരണം നടത്താത്ത ഡ്രീം ഹോം ഫർണിച്ചർ & ഇന്റീരിയേഴ്സ്, പി ജി എന്റർപ്രൈസസ്, ഹെഡ്കോ എന്നീ മൂന്നു സ്ഥാപനങ്ങൾക്കെതിരെ സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 38/2023-24ന് മറുപടി നൽകിയിട്ടില്ല. 30,200/-രൂപ അധികമായി ചെലവഴിക്കേണ്ടി വന്നെങ്കിലും നിയമപരമായി സ്വീകരിക്കേണ്ട മേൽപറഞ്ഞ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.തുക കോട്ട് ചെയ്ത്, സപ്ളൈ ഓർഡർ ലഭ്യമായതിനു ശേഷം സാധനം വിതരണം നടത്താത്ത മേൽ പറഞ്ഞ മൂന്നു സ്ഥാപനങ്ങൾക്കെതിരെ സ്റ്റോർ പർച്ചേസ് മാനവൽ 2013 ചട്ടം 5.25, 10.29, 10.30 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 എ.ബി.സി.പദ്ധതി: പഞ്ചായത്ത് പരിധിക്കുള്ളിൽ ഫലപ്രദമാകുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1) പ്രോജക്ട് നമ്പർ : 98/24

പ്രോജക്ട് : എ.ബി.സി.പദ്ധതി തുക കൈമാറൽ

ബിൽ നമ്പർ : 23160452031001519097/24-03-2024

തുക : 125,000/-

ഗ്രാമ പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂക്ഷമായ തെരുവുനായ ശല്യം നേരിടുന്നതിനെക്കുറിച്ചുള്ള നിരവധി പരാതികൾ പഞ്ചായത്തിൽ ലഭിച്ചതായി കാണാം. ലഭിച്ച പരാതികളുടെ വിശദാംശം ചുവടെ:

| | പരാതി നമ്പർ,തിയ്യതി | പരാതി നൽകിയ ആൾ |
|---|---|---|
| 1 | 58/06-01-2023 | പ്രധാനാധ്യാപകൻ,GMUP സ്കൂൾ |
| 2 | 88/23-02-2023 | പ്രിൻസിപ്പൾ,സെന്റ് മേരീസ് സ്കൂൾ |
| 3 | 208/30-06-2023 | ഷിജീഷ്.കെ,കോതങ്ങാട്ട് ഹൗസ്,കൊളക്കാട് |
| 4 | 278/24-08-2023 | മുഹമ്മദ് മിസ്റ്റർ,17 വാർഡ് |
| 5 | 312/12-10-2023 | പുല്ലില്ലാമല പ്രദേശവാസികൾ(റിദുഷ മുതൽപേർ) |
| | 377/17-01-2024 | ഹെഡ് മാസ്റ്റർ,GMUPS വേളൂർ,അത്തോളി |
| | 384/25-01-2024 | ശില്പ എൻ സി,അംഗൻവാടി ടീച്ചർ,<br>സെന്റർ നം.48,കൊങ്ങന്നൂർ |
| | 431/22-04-202 | സുഭാഷ് ബാബു എം,ശ്രേയസ് (14/243),വേളൂർ |
| | 442/13-05-2024 | സുഹറ പി പി,ഹെഡ് മിസ്ട്രസ്,GVHSS അത്തോളി |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആനിമൽ ബർത്ത് കൺട്രോൾ എന്ന സംയുക്ത പദ്ധതിക്ക് അത്തോളി ഗ്രാമ പഞ്ചായത്ത് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിക്കുള്ളിലെ തെരുവുനായകളെ വന്ധ്യംകരിക്കുന്നതിൽ പദ്ധതി വിജയകരമായിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994, മൂന്നാം പട്ടികയിൽ അനിവാര്യ ചുമതലയായി പറഞ്ഞിട്ടുള്ള വിഷയമാണ് തെരുവുനായ നിർമാർജനം. ഇതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. തെരുവുനായ നിർമാർജനം സംബന്ധിച്ച അപാകതകൾ ചുവടെ കാണിക്കുന്നു.

**1)** സ.ഉ(സാധാ)നം.2065/2022/LSGD തി.23-08-2022പ്രകാരം രണ്ടു ബ്ളോക്കുകൾക്ക് ഒരെണ്ണമെന്ന നിലയിൽ ABCസെന്റർ സജ്ജീകരിക്കേണ്ടതും അതാതു

ഗ്രാമപഞ്ചായത്തിൽ നിന്നും പിടികൂടിയ നായകളെ ബ്ലോക്ക് തല ABCസെന്ററിൽ എത്തിച്ച് ശസ്ത്രക്രിയ നടത്തി പഴയ സ്ഥലത്ത് തിരികെ വിടേണ്ടതുമാണ്. എന്നാൽ പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരേ എത്ര തെരുവു നായകളെ അത്താളി ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും പിടികൂടി ആനിമൽ ബർത്ത് കൺട്രോൾ സെന്ററിൽ കൊണ്ടുപോയി ശസ്ത്രക്രിയ നടത്തി തിരികെ കൊണ്ടു വിട്ടിട്ടുണ്ടെന്നതിന് പഞ്ചായത്തിന്റെ കൈവശം യാതൊരു കണക്കുകളുമില്ല (ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകചയറി 18/2023-24 ന് മറുപടി നൽകിയിട്ടില്ല ).

**2)** ABC പരിപാടിക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതായിരുന്നെങ്കിലും അത്തോളി ഗ്രാമപഞ്ചായത്തിൽ പ്രസ്തുത മോണിട്ടറിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

**3)** ABC പരിപാടിയുമായി ബന്ധപ്പെട്ട് തെരുവു നായകൾക്ക് തീവ്ര വാക്സിനേഷൻ നൽകൽ, തെരുവു നായകൾക്കായി അഭയകേന്ദ്രങ്ങൾ ഒരുക്കുക, ശുചിത്വയജ്ഞം, IEC ക്യാംപെയ്ൻ എന്നിവ സംഘടിപ്പിക്കുക എന്നീ നാലു ഘട്ടങ്ങളുള്ള കർമ്മ പരിപാടി പ്രാദേശിക സർക്കാർ തലത്തിൽ നടപ്പിലാക്കാൻ സ.ഉ(സാധാ)നം.2244/2022/LSGD തി.15-09-2022 പ്രകാരം ഉത്തരവു നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് മേൽപറഞ്ഞ പ്രവർത്തനങ്ങളൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറി 20/2023-24/20-07-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4) മേൽ പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ കാരണം എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് കൈമാറിയ 1,25,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-27 തെരുവു വിളക്കു പരിപാലനം: അനിവാര്യ ചുമതലകൾ നിറവേറ്റുന്നില്ല

അത്തോളി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകൾ കത്താത്തത് സംബന്ധിച്ച് ശ്രീ.അനീഷ് പുതിയേടത്ത് നൽകിയ പരാതി 11-12-2023 ന് പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ഇതു സംബന്ധിച്ച് പരാതി രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത പരാതി രജിസ്റ്റർ ചെയ്തതായി കാണുന്നില്ല. പരാതി രജിസ്റ്ററിൽ തെരുവു വിളക്കുകൾ കത്താത്തത് സംബന്ധിച്ചുള്ള പരാതികൾ രജിസ്റ്റർ ചെയ്യത്തക്ക രീതിയിലല്ല രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നത്. രജിസ്റ്ററിൽ തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. പരാതികൾ ലഭിക്കുന്നത് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തൻവർഷം തെരുവു വിളക്കു പരിപാലനത്തിനായി രണ്ടു പ്രൊജക്റ്റുകൾ നിലവിലുണ്ട്, അതിൽ ഒന്ന് (പ്രൊജക്റ്റ് നം.121/24)14-12-2023 മുതൽ 13-12-2024 വരെ പരിപാലനകാലാവധിയാണുള്ളത്. മറ്റൊന്ന് (പ്രൊജക്റ്റ് നം.184/24) 2021-22 കാലത്തെ പ്രൊജക്റ്റ് പ്രകാരമുള്ള തുക നൽകാനുള്ളതാണ്. ഈ രണ്ട് പ്രൊജക്റ്റുകൾക്കിടയിലുള്ള കാലയളവിൽ തെരുവു വിളക്കു പരിപാലനത്തിനായി പ്രൊജക്റ്റുകളൊന്നും തയ്യാറാക്കിയിട്ടില്ല.കേരള പഞ്ചായത്ത് രാജ് നിയമം 1994 മൂന്നാം പട്ടിക പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് തെരുവു വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുകയെന്നത്. 2022-23 കാലഘട്ടത്തിലും 2023 ഡിസംബർ 13 വരെയുള്ള കാലയളവിലും തെരുവു വിളക്കു പരിപാലിക്കുന്നതിനായി നടപടികളൊന്നും കൈക്കൊള്ളാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. തെരുവു വിളക്കു പരാതി രജിസ്റ്റർ കൃത്യമായി എഴുതിത്തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 20/2023-24 ന് മറുപടി നൽകിയിട്ടില്ല.

## 1-28 ഖാദി കൊടശ്ശേരിയിലേക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ: അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 100/24

പ്രോജക്ട് : ഖാദി കൊടശ്ശേരിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

സാങ്ഷൻ ഓർഡർ നമ്പർ തുക : 342/12-03-2024,

തുക : 74,983/-

കോഴിക്കോട് സർവ്വോദയ സംഘത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഖാദി ഉൽപാദന കേന്ദ്രത്തിനു ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ ഹോണസ്റ്റി ട്രേഡേഴ്സ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിനാണ് മേൽ തുക ചെലവഴിച്ചത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) യോഗ്യത നിർണ്ണയിക്കാനുതകുന്ന യൂണിറ്റിന്റെ അപേക്ഷയും അനുബന്ധ രേഖകളുമില്ല.

2) എപ്രകാരം തെരഞ്ഞെടുത്തതെന്ന രേഖകളില്ല.

3) വാങ്ങൽ പ്രക്രിയ പൂർണമായി നടപ്പിലാക്കിയതിന്റെ രേഖകളില്ല(ടെണ്ടർ രേഖ,ഇ എം ഡി,സപ്ളൈ ഓർഡർ,പെർഫോമൻസ് ഗ്യാരന്റി,എഗ്രിമെന്റുകൾ തുടങ്ങിയവ)

4) മോണിട്ടറിംഗ് സമിതി റിപ്പോർട്ടില്ല.

5) ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകളില്ല,

6) പണം ലഭ്യമായതിനു ശേഷമുള്ള ടാക്സ് ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകചയറി 40/2023-24ന് മറുപടി നൽകിയിട്ടില്ല.മേൽ അപാകതകൾ കാരണം ചെലവുതുക 74,983/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-29 പദ്ധതികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയ പാലോറത്ത് അംഗനവാടി റോഡ് (പ്രൊ.നം 228/24, SO) , പാലോറത്ത് കാവ് അംഗനവാടി റോഡ് (പ്രൊ.നം 62/24, New) എന്നീ പ്രവൃത്തികൾ പാലോറത്ത് അംഗനവാടി റോഡ് എന്ന ആസ്തിയുടെ നിർമ്മാണത്തിനായി ഓഡിറ്റ് വർഷത്തിൽ രണ്ട് പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ ആസൂത്രണം ചെയ്ത് നിർവ്വഹിച്ച പാലോറത്ത് അംഗനവാടി റോഡ് (പ്രൊ.നം 228/24, SO) പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 19 മീറ്ററിൽ നിർമ്മാണ പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുണ്ട്. മേൽ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ തുടർച്ചയായി 2023-24 വർഷത്തിൽ പാലോറത്ത് കാവ് അംഗനവാടി റോഡ് (പ്രൊ.നം 62/24, New) എന്ന പേരിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ഒരു ആസ്തിയുടെ നിർമ്മാണത്തിനായി 2 പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിനാൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

. പദ്ധതിക്ക് മതിയായ ഫണ്ട് വകയിരുത്തുകയോ ഫണ്ടിന്റെ അഭാവത്തിൽ പദ്ധതി ബഹു വർഷ പദ്ധതിയായി ആസൂത്രണം ചെയ്യുകയോ ചെയ്തില്ല. ബഹുവർഷ പദ്ധതിയായി ആസൂത്രണം ചെയ്യുന്നതിലെ വീഴ്ച മൂലം 62/24 അപേക്ഷിച്ച് ഉയർന്ന നിരക്കിൽ പ്രൊ.നം 228/24 ൽ പ്രവൃത്തി നിർവ്വഹിക്കേണ്ടി വന്നു. ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ളവ ആവർത്തിച്ചതിനാൽ അധിക മനുഷ്യശേഷിയും വിനിയോഗിക്കേണ്ടി വന്നു.

ബഹുവർഷ പദ്ധതിയായി ആസൂത്രണം ചെയ്യുന്നതിലെ വീഴ്ച മൂലം പുതിയ പദ്ധതി ഉയർന്ന നിരക്കിൽ നിർവ്വഹിക്കേണ്ടി വന്നതിനാൽ മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം( Mord) | 62/24 ലെ കരാർ നിരക്ക്(6682/2023) | 228/24 ലെ കരാർ നിരക്ക് | വ്യത്യാസം | അധിക നിരക്കിൽ അനുവദിച്ച തുക |
|---|---|---|---|---|
| 3.5.1 | 315.66 | 360.75 | 45.09 | |
| OD390434/2022-23 DR | 3150 | 3660.7 | 510.7 | |
| 12.5.3 | 7998 | 9141.33 | 1143.33 | |
| 11.8 | 79750 | 88532.76 | 8782.76 | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പദ്ധതികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതെന്നാണ് പഞ്ചായത്ത് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. എന്നാൽ ഫണ്ടുകൾ വാർഡ് തലത്തിൽ വിഭജിക്കുന്നതും ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് മൂലവുമാണ് അപാകത ഉണ്ടാകുന്നതെന്ന് ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത ഉണ്ടാവുന്ന സാഹചര്യങ്ങളിൽ പദ്ധതികൾ ബഹുവർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്യുന്ന പക്ഷം നിർവ്വഹണ ചെലവ് കുറയ്ക്കാനും ആസൂത്രണ – ടെണ്ടർ നടപടികളിലെ മനുഷ്യശേഷി കുറയ്ക്കാനും സ്ഥാപനത്തിന് സാധിക്കും. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-30 ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുന്നോത്ത് കണ്ടി ഇല്ലത്ത് പാറ റോഡ്, ചെറുകരതാഴെ കവലായി താഴെ റോഡ്, കുഴിക്കാട്ട് മീത്തൽ റോഡ് എന്നീ പദ്ധതികളുടെ ആസൂത്രണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

. റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായാണ് ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്റ്റുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കേണ്ടതാണെന്ന് 19.04.2022 തിയ്യതിയിലെ സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4(8) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ആസ്തി നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ ആസ്തി ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തണം. അടങ്കൽ ചെയ്യുന്ന തുകയ്ക്ക് അനുസൃതമായി ഭാഗികമായി മാത്രം പ്രവൃത്തികൾ ആസൂത്രണം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അഭികാമ്യമല്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റായി ഏറ്റെടുക്കുന്നതാണ് ഉചിതമാവുക. വിവിധ കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിലും സമാനമായ അപാകത ഉണ്ടായിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായും സമാനമായ അപാകത ഉണ്ടായതായി മുൻവർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-31 തെങ്ങ് കൃഷി വികസനം - നിർവഹണത്തിൽ ന്യൂനത.

പ്രൊജക്ട് നമ്പർ 76/24 .

പ്രോജക്ട് : തെങ്ങ് കൃഷി വികസനം.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ.

അടങ്കൽ : 898925 (പ്ലാൻ ഫണ്ട് -ജനറൽ)

ചെലവ് :333700/-

തെങ്ങിന് ജൈവ/രാസ വളം വാങ്ങി ഉപയോഗിക്കുമ്പോൾ ആയതിന്റെ 50% സബ്സിഡി നൽകുന്നതാണ് പ്രോജക്ട്. പദ്ധതിയുടെ ലക്ഷ്യം ഒമ്പതിനായിരം വീതം തെങ്ങുകൾക്ക് ജൈവവളം/രാസവളം വാങ്ങി ഉപയോഗിക്കുന്നതിനുള്ള ചെലവിന് സബ്സിഡി തുക അനുവദിക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം വിവിധ ബില്ലുകളിലായി വളം വാങ്ങിയ കർഷകർക്ക് വളം വാങ്ങിയ ബില്ലിന്റെ തുകയുടെ 50% അനുവദിക്കുകയുണ്ടായി. അപ്രകാരം ഫയലിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബില്ലുകൾ പ്രകാരം വളം വാങ്ങിയിട്ടുള്ളത് 'കർഷക ഫെർട്ടിലൈസർസ്', അത്തോളി , 'അത്തോളി കാർഷിക കർമ്മ സേന', കൊടശ്ശേരി എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ ബോൺമീൽ, നീംകേക്ക് എന്നിവ യഥാക്രമം കിലോക്ക് 34 രൂപ 28.60 രൂപയും 38 ,34 രൂപ നിരക്കിലുമാണ്.

സ.ഉ.(കൈ) നം 115/2022 തസ്വഭാവ തീയതി 28/5/22 പ്രകാരം അനിവാര്യ സാഹചര്യങ്ങളിൽ ഒഴികെ നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ജൈവവളങ്ങൾ നടപടിക്രമം പാലിച്ചു വാങ്ങി വിതരണം ചെയ്യേണ്ടതാണ് . കൂടാതെ സബ്സിഡി മാനദണ്ഡങ്ങളിൽ പ്രസ്തുത പ്രോജക്ട് പ്രകാരം അനുവദനീയമായ വളത്തിന്റെ ഇനം യൂണിറ്റ് തുക എന്നിവ ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. അപ്രകാരം നിശ്ചയിച്ച തുകയാണ് സബ്സിഡി അനുവദിക്കുന്നതിന് പരിഗണിക്കേണ്ടത്. എന്നാൽ മേൽ ചേർത്ത പ്രൊജക്റ്റ് പ്രകാരം കർഷകർക്ക് അനുവദിച്ച തുകക്ക് ജില്ലാതല യൂണിറ്റ്കോസ്റ്റ് പരിഗണിച്ചതായി കാണുന്നില്ല. എല്ലുപൊടി അനുവദനീയമായ പരമാവധി നിരക്ക് കിലോക്ക് 30/- രൂപയാണ് അതിൽ കൂടുതൽ നിരക്ക് അനുവദിച്ചതായി ഇൻവോയ്സ് പ്രകാരം

കാണുകയുണ്ടായി. കൂടാതെ കർഷകർ വാങ്ങി വിതരണം ചെയ്യാതെ കർഷകർ നേരിട്ട് വിവിധയിടങ്ങളിൽ നിന്നും വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ഡിപിസി അംഗീകരിച്ച പ്രൊജക്ട് പ്രകാരം അനുവദനീയമായ പരമാവധി സബ്സിഡി തുക ചെലവിന്റെ അമ്പത് ശതമാനമാണ്. ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരം കർഷകർ വാങ്ങുന്ന വളത്തിന് അനുവദിക്കേണ്ട തുകയേക്കാൾ കൂടുതൽ യൂണിറ്റ് കോസ്റ്റ് അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല . ടി ഇനത്തിൽ നിർവ്വഹണഉദ്യോഗസ്ഥൻ വലിയ തുക പ്രൊജക്ട് അടങ്കലിൽനിന്നും അധികമായി അനുവദിച്ചിട്ടുണ്ട്. മേൽ ചേർത്ത ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.19/6.9.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 30 രൂപയിൽ അധികരിച്ച് അനിവദിച്ച ബോൺമീലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ പ്രൊജക്ടിന് ചെലവായ 333700/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-32 കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപണികൾ- വിനിയോഗ വിവരം ലഭ്യമായിട്ടില്ല.</u>

പ്രൊജക്ട് നം. 13/24 (പ്ലാൻ ഫണ്ട്-ജനറൽ)

അടങ്കൽ : ₹150000/-

ചെലവ് : ₹150000/-

ബിൽ നം, തീയ്യതി : 23160452031800951656/18.12.23
നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐസിഡിഎസ് സൂപ്പർവൈസർ.

ഹെൽത്ത് മിഷൻ വഴി കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപ്പണികൾക്കായി മേൽ ചേർത്ത പ്രകാരം തുക മൂന്ന് ഗുണഭോക്താക്കൾക്കായി ഐസിഡിഎസ് സൂപ്പർവൈസർ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗവിവരത്തിന്റെ അഭാവത്താൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-33 സ്കോളർഷിപ്പ് മുഴുവനായി നൽകിയില്ല.

പ്രൊജക്റ്റ് നമ്പർ 6/24.

പ്രോജക്ട് : ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും .

അടങ്കൽ : 1217209 .

ചെലവ് : 613141
നിർവ്വഹണ ഉദ്യോഗസ്ഥ : ഐസിഡിഎസ് സൂപ്പർവൈസർ.

ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് നൽകേണ്ട മുഴുവൻ തുകയും ഓഡിറ്റ് വർഷം ലഭ്യമാക്കിയിട്ടില്ല. എം ആർ വിഭാഗത്തിൽ ഉള്ള 35 പേർക്ക് 28,500 രൂപ വീതം നൽകേണ്ടതായിരുന്നു. എങ്കിലും 16,624/- രൂപയാണ് ഓഡിറ്റ് വർഷം നൽകിയിട്ടുള്ളത്. യഥാസമയം ബിൽ തയ്യാറാക്കി സമർപ്പിച്ചതായും കാണുന്നില്ല. ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് സംശയമുള്ള പക്ഷം തനത്ഫണ്ട് വകയിരുത്താവുന്നതാണെങ്കിലും അപ്രകാരവും ചെയ്തിരുന്നില്ല. 3,29,175/- രൂപയുടെ ആദ്യ ബിൽ സമർപ്പിച്ചിട്ടുള്ളത് തന്നെ ഡിസംബർ 2023 ലാണ് . സ്കോളർഷിപ്പ് ലഭിക്കാത്തത് സംബന്ധിച്ച് പഞ്ചായത്തിൽ ആറ് പരാതികളും ഒരു വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയും ലഭിച്ചിട്ടുണ്ട്. മേൽ ചേർത്ത് പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകായറിക്ക് (നം.23/7.9.24) ഐസിഡിഎസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരം ടിയാൾ 2023 നവമ്പറിലാണ് ചാർജെടുത്തതെന്നും അപ്പോഴും തൻവർഷത്തെ ഗുണഭോക്തൃലിസ്റ്റും ഫണ്ടും ലഭ്യമല്ലായിരുന്നു എന്നാണ്. ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും യഥാസമയം ലഭ്യമാക്കുന്നതിന് മുന്തിയ പരിഗണന നൽകി വലിയ പ്രയാസം അനുഭവിക്കുന്ന പ്രസ്തുത ഗുണഭോക്താക്കൾക്ക് അവരർഹിക്കുന്ന തുക നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഭാവിയിൽ ചെയ്യുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 അതിദരിദ്രർക്കുള്ള കിറ്റ് വിതരണം പൂർണ്ണമായി നടത്തിയില്ല.

പ്രൊജക്റ്റ് നമ്പർ : 163/24

പ്രൊജക്റ്റ് : അതിദരിദ്രരുടെ കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് വിതരണം .

നിർവഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ.

അടങ്കൽ : 1,80,000/-

ചെലവ് : 44,213/-

പദ്ധതി പ്രകാരം മാസം തോറും 17 പേർക്ക് ഭക്ഷണ കിറ്റ് വിതരണം ചെയ്യേണ്ടതാണ് . എന്നാൽ 2023 സെപ്റ്റംബർ, ഡിസംബർ 2024 ജനുവരി, മാർച്ച് മാസങ്ങൾ മാത്രമേ കിറ്റ് വിതരണം ചെയ്തിട്ടുള്ളൂ. 2023 ഏപ്രിൽ മുതൽ കൃത്യമായി വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. കൂടാതെ തനത് ഫണ്ടിൽ നിന്ന് 44,213 രൂപ തൻവർഷം മാറിയതായി സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപ്രകാരം വകയിരുത്തിയ തുക ഓഡിറ്റ് വർഷം മാറിയതിന്റെ രേഖകളില്ല. ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് സംശയമുള്ളപക്ഷം തനത്ഫണ്ട് വകയിരുത്താവുന്നതാണെങ്കിലും അപ്രകാരവും ചെയ്തിരുന്നില്ല. മേൽപ്പറഞ്ഞ സുലേഖ സ്റ്റേറ്റ്മന്റിൽ ഇത് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതും ആകുന്നു. മേൽ ചേർത്ത പ്രകാരം നിർവഹണത്തിലെ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം23/7.9.024) ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥ 2023 നവമ്പറിലാണ് ചാർജെടുത്തതെന്നും അതിന് മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ സ്ഥിരമായി ഇല്ലാത്തതാണെന്നും, അധിക ചുമതല ഉള്ളതിനാലും ടിയാൾക്ക് ഫെബ്രുവരി മാസം സപ്ളൈക്കോക്ക് ഓഡർ നൽകിയ സാധനങ്ങൾ ലഭിച്ചില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. അതിദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിക്കുന്നതിനായി ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 അനുപൂരക പോഷകാഹാര പരിപാടി സംബന്ധിച്ച്.

പ്രൊജക്റ്റ് നമ്പർ : 3/24.

പ്രൊജക്റ്റ് : അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി - ജനറൽ .

അടങ്കൽ : 3200000/-

ചെലവ് : 2300710/-

നിർവഹണ ഉദ്യോഗസ്ഥ : ഐ. സി. ഡി. എസ്. സൂപ്പർവൈസർ

മേൽ ചേർത്ത ആകെ ചെലവിനത്തിൽ 3,31,243/- രൂപയുടെ കേന്ദ്രഫണ്ട് ബിൽ മാറിയതിൽ 2,89,501/- രൂപയുടെ സപ്ലൈകോയിൽ നിന്നും വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ വിതരണ വിവരം രേഖകൾക്കൊപ്പം ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം25/7.9.2024 )ലഭ്യമാക്കിയ മറുപടി രജിസ്റ്റർ ഉടൻ ലഭ്യമാക്കുന്നതാണെന്നാണ്. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,89,501/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 മുഴുവൻ അംഗണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചില്ല.

പഞ്ചായത്ത് പരിധിയിലെ 31 അംഗണവാടികളിൽ ഉള്ളതിൽ 3 എണ്ണത്തിന് (നമ്പർ 24,27,43) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/3.2.2024) ലഭ്യമാക്കിയ മറുപടി, ആയത് അസി. എഞ്ചിനീയറിൽനിന്നും ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നാണ്. മേൽ അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

## 1-37 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർണ്ണമായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ . |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ. |
| പ്രോജക്ടിന്റെ നം | 147/24 |
| അടങ്കൽ തുക / ഫണ്ട് | 150,000/- രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ബിൽ നം, തിയതി | 1,50,000/-രൂപ, 23160452031501027474/തീയതി 31.12.2023. |

2023-24 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ പ്രൊജക്ടിനായി ഹോംകോയിലേക്ക് അടവാക്കിയ 1,50,000/-രൂപയുടെ മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. ഇൻവോയിസ് നം.LF844/ 7.08.2024 പ്രകാരം 58,146/- രൂപയുടെ മരുന്നുകളുടെ രേഖകളാണ് പരിശോധനക്കായി ലഭ്യമാക്കിയത്. ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുന്നമുറക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. 91,854/- രൂപയുടെ മരുന്ന് ലഭ്യമാകാനുണ്ട്. 91,854/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കൽ -പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രോജക്റ്റ് നം : 150

പ്രോജക്റ്റിന്റെ പേര് : സീറോ വേസ്റ്റ്-അജൈവ മാലിന്യ ശേഖരണവും സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകലും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളും

വകയിരുത്തിയ തുക : 26,62,000/-

ചെലവഴിച്ച തുക : 21,95,263/-

ബിൽ നം.തീ 22-02-2024 ബിൽ തുക : 1,85,339/-

ബിൽ നം.തീ 19-12-2024 ബിൽ തുക : 10,00,000/-

ബിൽ നം.തീ 21-03-2024 ബിൽ തുക – 1009924/-

പഞ്ചായത്തിലെ റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കുന്നതിനും അജൈവ മാലിന്യം ശേഖരിച്ച് എം.സി.എഫ് യൂണിറ്റിലേക്ക് കയറ്റുന്നതിന് വാഹന വാടക നൽകുന്നതിനുമാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരം റിജക്റ്റഡ് വേസ്റ്റ് എം.സി.എഫിലേക്ക് കയറ്റി കൊണ്ടുപോയതിന് വാഹന വാടകയിനത്തിൽ 1,85,339/-രൂപ 2023-24 വർഷം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ റിജക്റ്റഡ് വേസ്റ്റിന് കിലോഗ്രാമിന് 6.5 രൂപ നിരക്കിൽ 2009924/-രൂപ “ഗ്രീൻ വേംസ്” എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

1) ഹരിതകർമ്മ സേന വാർഡുകളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിനായി കട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക കോട്ട് ചെയ്ത ശ്രീ.ബേബി വിനീഷ് എന്നവർ സമർപ്പിച്ച (KL-18-5302) മൂന്ന് കിലോമീറ്റർ വരെ മിനിമം ചാർജ്ജ് 200/- രൂപയും അധികം വരുന്ന ഓരോ കിലോ മീറ്ററിനും 17/-രൂപ നിരക്കിലുമുള്ള കട്ടഷനാണ് അംഗീകരിച്ചിരിക്കുന്നത്. ഇതേ വ്യക്തിക്ക് ഇതേ നിരക്കിൽ തന്നെയാണ് മുൻ വർഷത്തിലും അജൈവ മാലിന്യം ശേഖരിച്ച് എം.സി.എഫ് യൂണിറ്റിലേക്ക് കയറ്റുന്നതിന് വാഹന വാടക നൽകുിയിരിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ വാഹന വാടക നൽകിയതുമായി ബന്ധപ്പെട്ട് മേൽ ബില്ലിൽ സമർപ്പിച്ച ട്രിപ്പ് ഷീറ്റ് പ്രകാരം ഒരു ദിവസം ഒരു വാർഡിൽ നിന്ന് എന്ന രീതിയിലാണ് ഹരിത കർമ്മസേന ശേഖരിച്ചു വച്ച അജൈവ മാലിന്യം എം.സി.എഫിലേക്ക് കൊണണ്ടുപോയിട്ടുള്ളത്. ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ ഒരു ദിവസം

ഒരു വാർഡിൽ നിന്നും എന്ന രീതിയിൽ നാലോ അഞ്ചോ തവണകളായി എം.സി.എഫിലേക്ക് മാലിന്യം കയറ്റി കൊണ്ടുപോയിട്ടുണ്ട്. മിനിമം 200/- രൂപയാണ് മൂന്ന് കിലോമീറ്ററിന് കരാർ പ്രകാരം നൽകേണ്ടത്, എന്നാൽ ഒരു ദിവസം തന്നെ ഒരു വാർഡിൽ നിന്ന് മാത്രം ലോഡ് എടുക്കുമ്പോൾ ഓരോ തവണ ലോഡ് കയറ്റുന്നതിനും 200/-രൂപ വച്ച് മൂന്ന് കി.മീ ന് മിനിമം ചാർജ് ഈടാക്കിയിട്ടുണ്ട്. അതായത് ഒരു ദിവസം അഞ്ച് തവണ ഒരു വാർഡിൽ നിന്നും മാലിന്യം എം.സി.എഫിലേക്ക് കയറ്റിയതിന് അഞ്ച് തവണ മിനിമം ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. ഇത് പഞ്ചായത്തിന് അധിക ബാധ്യതയുണ്ടാക്കിയിട്ടുണ്ട്. ക്വട്ടേഷനിലോ അഗ്രിമെന്റ് വച്ചതിലോ ഈ കാര്യത്തിൽ വ്യക്തതയില്ലാത്തത് ഇപ്രകാരം അധിക തുക നൽകുന്നതിന് ഇടയാക്കിയിട്ടുണ്ട്.

2) റിജക്റ്റഡ് വേസ്റ്റ് എം.സി.എഫിലേക്ക് കയറ്റി കൊണ്ടുപോവുന്നതിന് കരാറെടുത്ത ശ്രീ.ബേബി വിനീഷ് സമർപ്പിച്ച ട്രിപ്പ് ഷീറ്റ് പ്രകാരം 29-11-2022 മുതൽ 18-05-2023 വരെ 1,85,339/- രൂപ നൽകിയിരിക്കുന്നത് ഹരിത കർമ്മസേനയുടെ അക്കൗണ്ടിലേക്കാണ്. ഹരിതകർമ്മസേനയുടെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ നിന്നും ശ്രീ.ബേബി വിനീഷിന് മേൽ കാലയളവുകളിൽ വാടകയിനത്തിൽ തുക നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ എത്ര തുക വാഹന വാടകയായി നൽകി എന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് കൺസോളിഡേറ്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. കൂടാതെ ഒരു ലക്ഷം രൂപയിലധികം കരാറെടുത്ത ആൾക്ക് നൽകി എങ്കിലും ആയതിന് ബില്ലിൽ നിന്നും 1 % ഐ.ടി (1854/- രൂപ) ഡിഡക്റ്റ് ചെയ്യുകയോ കരാറുകാരനിൽ നിന്നും ഈടാക്കുകയോ ചെയ്തിട്ടില്ല.

3) മേൽ ബിൽ പ്രകാരം 18-12-2022 മുതൽ 26-02-2024 വരെ റിജക്റ്റഡ് വേസ്റ്റ് കയറ്റിക്കൊണ്ടുപോയതിനാണ് കിലോഗ്രാമിന് 6.5/-രൂപ നിരക്കിൽ 2,009,924/- രൂപ "ഗ്രീൻ വേംസ്" എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. അതായത് ആകെ 309,219 കിലോഗ്രാം റിജക്റ്റഡ് വേസ്റ്റാണ് ഈ കാലയളവിൽ ഗ്രാമ പഞ്ചായത്ത് കയറ്റി അയച്ചിട്ടുള്ളത്. എന്നാൽ ഇത്രയും വലിയ തുക റിജക്റ്റഡ് വേസ്റ്റ് കയറ്റി അയയ്ക്കുന്നതിനായി ഒരു വർഷം പഞ്ചായത്ത് ചെലവഴിക്കുമ്പോൾ കൃത്യമായ പരിശോധനകൾ നടത്തുന്നില്ല എന്ന് പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. കിലോഗ്രാം പ്രകാരം ഇത്രയും വലിയ തുകയ്ക്ക്

റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കുമ്പോൾ ഭാരം പരിശോധിക്കുന്ന വെയ് ബ്രിഡ്ജിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ആരെയും ചുമതലപ്പെടുത്തുകയോ ഉത്തരവാദപ്പെട്ടവർ ആരെങ്കിലും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. 14-01-2023 വരെ താമരശ്ശേരിയിലെ വെയ്ബ്രിഡ്ജിൽ നിന്നാണ് പരിശോധന നടത്തി ഗ്രീൻ വേംസ് ബിൽ സമർപ്പിച്ചിട്ടുള്ളത്. ഇതിന് ശേഷം പഞ്ചായത്തിന് രണ്ട് കിലോമീറ്റർ പരിധിയിലുള്ള കൂമുള്ളിയിലെ വെയ്ബ്രിഡ്ജിൽ നിന്നുമാണ് ഭാര പരിശോധന നടത്തിയിരിക്കുന്നത്. എന്നാൽ ഇവിടെയും പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഉത്തരവാദപ്പെട്ടവർ ആരും ഇല്ലാതെയാണ് ഭാര പരിശോധന നടത്തിയിരിക്കുന്നത്. കൂടാതെ പദ്ധതി ഫയൽ പരിശോധിച്ചതിൽ റിജക്റ്റഡ് വേസ്റ്റ് കയറ്റിക്കൊണ്ടുപോയ വാഹനത്തിന്റെ 06-04-2023 മുതലുള്ള ജി.പി.എസ് റിപ്പോർട്ടുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. 18-12-22 മുതൽ 05-04-2023 വരെയുള്ള ജി.പി.എസ് റിപ്പോർട്ട് ലഭ്യമാക്കാതെയാണ് സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്. പഞ്ചായത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ റിജക്റ്റഡ് വേസ്റ്റ് കയറ്റി അയയ്ക്കുന്നതിനായി ലക്ഷങ്ങൾ ഓരോ വർഷവും ചെലവഴിക്കുന്നതായി കാണുന്നു. എന്നാൽ റിജക്റ്റഡ് വേസ്റ്റ് കലക്റ്റ് ചെയ്യുന്നതിന് ഹരിതകർമ്മ സേന പ്രത്യേകം തുക കിലോഗ്രാമിന് എന്ന തോതിൽ ഈടാക്കുന്നില്ല. ഇപ്രകാരം റിജക്റ്റഡ് വേസ്റ്റിന് കിലോയ്ക്ക് 6.5 രൂപ ചെലവഴിക്കുമ്പോൾ റിജക്റ്റഡ് വേസ്റ്റിന് പഞ്ചായത്ത് തുക നിശ്ചയിച്ച് ഈടാക്കാത്തതാണ് ഇതിന് കാരണം. ഇത് പഞ്ചായത്തിന് വലിയ സാമ്പത്തിക ബാധ്യത ഓരോ വർഷവും ഉണ്ടാക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/2023-24 തീ. 06-09-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. റിജക്റ്റഡ് വേസ്റ്റ് എം.സി.എഫിലേക്ക് കൊണ്ടുപോകാൻ വാഹനം വാടകയ്ക്ക് എടുത്തവകയിൽ നൽകിയ തുകയ്ക്ക് ടിയാനിൽ നിന്നും 1,854/-രൂപ ഐ.ടി ഈടാക്കി അറിയിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-39 ലൈഫ് ലോണായി കൈപ്പറ്റിയ തുക തിരിച്ചടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി പ്രകാരം ലൈഫ് ലോൺ കൈപ്പറ്റിയ ചുവടെ കൊടുത്ത രണ്ട് ഗുണഭോക്താക്കൾ, വ്യക്തിപരമായ കാരണങ്ങളാൽ വീട് നിർമ്മിക്കാത്തതിനാൽ കൈപ്പറ്റിയ തുക 2023-24 സാമ്പത്തിക വർഷം തിരിച്ച് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ലോൺ തിരിച്ചടച്ച ഗുണഭോക്താവ് | ലോൺ കൈപ്പറ്റിയ വർഷം | ലോൺ കൈപ്പറ്റിയ തുക | പഞ്ചായത്തിൽ തിരിച്ചടച്ച തുക |
|---|---|---|---|---|
| 1 | ശ്രീമതി. ലീല.എം | 2023-24 (വികസന ഫണ്ട്) | 40,000 | 42,973 (12% പിഴ പലിശ ഉൾപ്പടെ) |
| 2 | ശ്രീമതി.ഗീത വേലായുധൻ | 2021-22 (സംസ്ഥാന വിഹിതം) | 40,000 | 40,000 |
| | | ആകെ | 80,000 | **82,973** |

ഇതിൽ ശ്രീമതി.ഗീത വേലായുധൻ എന്നവർ കൈപ്പറ്റിയ തുകയുടെ പിഴ പലിശ ഒഴിവാക്കി നൽകുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് ഭരണ സമിതി തീരുമാനിക്കുകയും (തീരു.നം.01/03 തീ.17-02-2024) പിഴ പലിശ ഒഴിവാക്കി കൈപ്പറ്റിയ തുക മാത്രം ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ മേൽ തീരുമാന പ്രകാരം സർക്കാരിലേക്ക് കത്ത് നൽകിയിട്ടില്ല. ലോൺ കൈപ്പറ്റിയ തുക തിരിച്ചടവാക്കിയത് സർക്കാരിലേക്ക്

തിരിച്ചടയ്ക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനും പിഴ പലിശ ഒഴിവാക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/2023-23 തീ.06-09-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -ഹരിത കർമ്മസേന പ്രവർത്തനം -അവലോകനം

**ഓഡിറ്റ് മാനദണ്ഡങ്ങൾ(Criteria)**

**I കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമം**

A) പരിസ്ഥിതി സംരക്ഷണ നിയമം-1986

**IIകേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ**

1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ

2) 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ

3) 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

4) 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

5)2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

6)2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

**IIIകേ.പ.രാജ് ,കേ.മു. നിയമങ്ങൾ**

എ) കേ.പ.രാജ് ആക്ട് 1994-അനിവാര്യ ചുമതലകൾ , സെക്ഷൻ 218,219(എ) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക

ബി) 2024-ലെ കേരള പഞ്ചയത്ത് ര ജ് (ഭേദഗതി) ആക്റ്റ്(2023ഡിസംബർ 9-ാം തീയതി

പ്രാബല്യത്തിൽ വന്നത്)

സി)കേ.മു.ആക്ട് 1994-അനിവാര്യ ചുമതലകൾ സെക്ഷൻ 326, 329, 331, 332, 334, 334എ,ബി,സി, 335, 336 മുതൽ 345 വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക

ഡി)2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തില് വന്നത്)

## IV. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ

1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

2) 15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

3) 12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ

## ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ ( III (എ)) കാണുക) മാലിന്യ നിർമ്മാർജ്ജനത്തിൽ പഞ്ചായത്തിന്റെയും സ്ഥാപന പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർ താമസക്കാർ മറ്റ് മാലിന്യ സ്രാഷ്ടാക്കൾക്കൾ എന്നിവരുടേയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നതും വീടുവീടാന്തരമുള്ളചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യാമെന്നതും ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നതും മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നതും പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യവും നിയമത്തിൽ വ്യക്തമാക്കപ്പെടുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയു കവറുകളുടെയും ഉപയോഗം നിയന്ത്രിക്കലും

പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയിൽ കൈകാര്യം ചെയ്യുകയും ചെയ്യുക പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക മാലിന്യം ബഹിർഗമിപ്പിക്കാതിരിക്കുക ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുക മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക തുടങ്ങിയ ചുമതലകൾ നിയമപ്രകാരം മാലിന്യ സ്രൃഷ്ടാക്കളുടെ ചുമതലയിൽപ്പെടുന്നു.

**ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങൾ**

നിയമത്തിലെ മേൽ വ്യവസ്ഥകൾക്ക് അനുപൂരകമായ നിർദ്ദേശങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മേൽ ചട്ടങ്ങളിലും പ്രതിപാദിക്കുന്നത്. ഈ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്.ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2)മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയുംവ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു

കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4,000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

3)ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കുണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവുശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4)ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക,ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(MRF)സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി(ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രേഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക ,ഷ്രേഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവർത്തിക്കൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി.മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ്പ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ ( ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ്

ചിലർക്ക് ആവശ്യംവരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം , ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക,മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും. മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി പി ആർ ഇവർ തയ്യാറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക,അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു.

8) നിക്ഷേപകൻ (സംസ്കരണത്തിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തുക (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു.

9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

10)സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി.പി.ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോവെസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

മേൽ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ നാളിതുവരെയുള്ള പ്രവർത്തനവും നിലവിലെ സ്ഥിതിവിശേഷവും ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

**<u>നിലവിലെ അവസ്ഥ</u>**

26.01.2024ന് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണമാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ ഇല്ലാതിരിക്കുക, മാലിന്യം വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതിരിക്കുക, എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും അജൈവമാലിന്യങ്ങൾ പ്രതിമാസം ഫീസ് നല്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുക, ജലാശയങ്ങൾ മാലിന്യ മുക്തമാകുക, ഉറവിട മാലിന്യസംസ്കരണ സാധ്യത നിലനില്ക്കുക തുടങ്ങിയ ഘടകങ്ങൾ അടിസ്ഥനപ്പെടുത്തിയാണ് ഗ്രാമം മാലിന്യമുക്തമെന്ന് പ്രഖ്യാപിക്കപ്പെടുന്നത്. മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ സ്ഥാപനം മുന്നോട്ടു പോയിട്ടുണ്ടെന്ന് ഈ പ്രഖ്യാപനം സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും ഈ നിയമങ്ങൾ

പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളിൽ എത്രത്തോളം മുന്നോട്ട് പോയെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി.ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

## ഹരിത കർമ്മസേനയുടെ പ്രവർത്തനം

ക്രമ നം.4 ൽ പ്രതിപാദിച്ച പ്രകാരമുള്ള ഹരിത കർമ്മ സേന 2018 ൽ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 17 വാർഡുകളിലായി 24 സേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ശരിയായ വിധം പ്രതിമാസം ശേഖരിക്കുകയെന്ന പ്രവർത്തനം പൂർണ്ണ തോതിൽ പ്രാവർത്തികമായിട്ടില്ല. സേനയുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ തന്നെ സജീവമായിട്ടുണ്ടെങ്കിലും കഴിഞ്ഞ ഒരു വർഷത്തിൽ ഈ സ്ഥാപനത്തിലെ പ്രവർത്തനങ്ങളിൽ കണ്ട അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

## ഹരിത കർമ്മസേന പിരിച്ചെടുത്ത ഫീസ് വിവരങ്ങൾ-

ഹരിതകർമ്മസേനയുടെ കഴിഞ്ഞ ഒരു വർഷത്തെ ഫീസ് പിരിവ് അവലോകനം നടത്തുന്നതിനായി ഓഡിറ്റ് നൽകിയ എൻക്വയറിയ്ക്ക് (01/23-24 Dtd 29-08-2024) ഹരിതകർമ്മ സേന പരിച്ചെടുത്ത ആകെ കെട്ടിടങ്ങളുടെയും ഈടാക്കിയ യൂസർഫീയുടെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ആകെ കെട്ടിടങ്ങൾ | | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | | | | ആകെ പിരിച്ചെടുത്ത ഫീസ് | | | | പിരിവിന്റെ ശതമാനം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| | | വീടുകള് | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടി |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | ട<br>ങ്ങൾ |
| 7396 | 641 | 2771 | 140 | 4330 | 200 | 138588 | 14000 | 216505 | 19650 | 37% | 21% | 59% | 30% |

2023 മാർച്ച് മാസം റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും 37 ശതമാനവും മറ്റ് കെട്ടിടങ്ങളിൽ നിന്നും 21 ശതമാനവും മാത്രമാണ് യൂസർ ഫീ പിരിവ് നടന്നത് എങ്കിലും 2024 മാർച്ച് മാസം റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും 59 ശതമാനവും മറ്റ് കെട്ടിടങ്ങളിൽ നിന്നും 30 ശതമാനവും മാത്രമാണ് യൂസർ ഫീ പിരവിൽ വർദ്ധന വന്നിട്ടുള്ളത് എന്ന് കാണാം. മറ്റ് കെട്ടിടങ്ങളിൽ മുഴുവനും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നിരുന്നാലും 2023-24 വർഷം പഞ്ചായത്ത് എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് നൽകിയ 741 സ്ഥാപനങ്ങളിൽ 200 സ്ഥാപനങ്ങളിൽ നിന്നുമാത്രമാണ് യൂസർഫീ ഈടാക്കിയിരിക്കുന്നത് എന്നത് ഹരിതർമ്മസേനയുടെ ഭാഗത്തുനിന്നും പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള വലിയ വീഴ്ചയാണ്. യൂസർഫീ കാര്യക്ഷമമല്ലാത്തത് മൂലം വളരെ കുറഞ്ഞ വരുമാനം മാത്രമാണ് സേനാംഗങ്ങൾക്ക് ലഭിക്കുന്നതെന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. പ്രതിമാസം നൂറുശതമാനം യൂസർ ഫീ പിരിവിലേക്കെത്താൻ ഇനിയും വലിയ പ്രയത്നം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

എല്ലാ കെട്ടിടങ്ങളിൽ നിന്നുമുള്ള ഫീസ് പിരിവും മാലിന്യത്തിന്റെ നീക്കവും ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിന് സ്മാർട്ട് ഗാർബേജ് പദ്ധതിയുടെ നിർവ്വഹണം നടന്നിട്ടുണ്ടെങ്കിലും ക്യൂ ആർ കോഡ് പതിക്കുന്ന നടപടികൾ ഇനിയും പൂർത്തീകരിക്കാനവശേഷിക്കുന്നുണ്ട്. സഞ്ചയ പ്രകാരമുള്ള കണക്ക് പ്രകാരം ആകെ 13389 റസിഡൻഷ്യൽ കെട്ടിടങ്ങളും 2508 മറ്റ് കെട്ടിടങ്ങളും പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ നാളിതുവരെ 6856 വീടുകളിലും 474 വാണിജ്യകെട്ടിടങ്ങളിലും മാത്രമാണ് QR കോഡ് പതിച്ചതായി ഓഡിറ്റിന് മറുപടി നൽകിയിട്ടുള്ളത്.

## <u>ഹരിത കർമ്മ സേനയുടെ വരുമാനവും ചെലവും</u>

പഞ്ചായത്തിലെ ഹരിത കർമ്മ സേനയ്ക്ക് 2022-23, 2023-24 എന്നീ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| 2022-23 | | | | | | | | |
|---|---|---|---|---|---|---|---|---|
| വരുമാനം | | | | ചെലവ് | | | | |
| പ്രതിമാസ ഫീസ് | റിജക്റ്റ് വേസ്റ്റ് ശേഖരിച്ചതിന് ലഭിച്ച തുക | സെഗ്രഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | മറ്റുള്ളവ | വേതനം | റിജക്റ്റ് വേസ്റ്റ് കൈയ്യൊഴിഞ്ഞതിനുള്ള ചെലവ് | വാഹന വാടക നൽകിയ ഇനത്തിലെ ചെലവ് | കൺസോർഷ്യത്തിന് നല്കിയ തുക | മറ്റുള്ളവ |
| Resi-50/-, Com-100/- | 1109710 | 76415 | Nil | 1099500 | 1118670 | 194826 | 150500 | Nil |

| 2023-24 | | |
|---|---|---|
| വരുമാനം | ചെലവ് | |

| പ്രതിമാസ ഫീസ് | റിജക്റ്റ് വേസ്റ്റ് ശേഖരിച്ചതിന് ലഭിച്ച തുക | സെഗ്രഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | മറ്റുള്ളവ | വേതനം | റിജക്റ്റ് വേസ്റ്റ് കൈയ്യൊഴിഞ്ഞ തിനുള്ള ചെലവ് | വാഹന വാടക നൽകിയ ഇനത്തിലെ ചെലവ് | കൺസോർഷ്യത്തിന് നല്കിയ തുക | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| Resi-50/-, Com-100/- | 1601500 | 328908 | Nil | 1956230 | 2009924 | 185339 | Nil | Nil |

ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീ ഇനത്തിൽ വർദ്ധന ഉണ്ടാവുന്നുണ്ടെങ്കിലും റിജക്റ്റഡ് മാലിന്യം കയറ്റി അയച്ച വകയിൽ വലിയ തുക പഞ്ചായത്ത് ചെലവഴിക്കേണ്ടി വന്നതിനാൽ വരവ് ചെലവിലെ അന്തരം പരിശോധിക്കപ്പെടേണ്ടതാണ്.

**റിജക്റ്റ് മാലിന്യത്തിന്റെ ശേഖരണവും കൈയ്യൊഴിയലും**

പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ സേന സ്വീകരിക്കുന്നുണ്ട്. 7-09-2020-ലെ ഡി.സി1/282/2020/ത.സ.ഭ.വ.നം. സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുകളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ.ഉ(സാധാ) നം.628/2023/LSGD തീയതി, 16-03-2023 പ്രകാരം ഇത് പുതുക്കി നല്കുകയും ചെയ്തു. എന്നാൽ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന റിജക്റ്റ് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്തിൽ പ്ലാൻ ഉണ്ടെങ്കിലും ആയത് നാളിതുവരെ

പൂർണ്ണ രീതിയിലായിട്ടില്ല. അജൈവ പാഴ് വസ്തുകൾ ശേഖരിക്കുന്നതിനായി പഞ്ചായത്തിൽ പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻകചയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് വർഷം ഉൾപ്പടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലും യാതൊരു വരവും ഈയിനത്തിൽ സേനയ്ക്ക് ലഭിച്ചില്ലെങ്കിലും 2021-22, 2022-23, 2023-24വർഷങ്ങളിൽ യഥാക്രമം 13,42,637/-രൂപയും 11,18,670/-രൂപയും 20,09,924/-രൂപയും റിജക്ട് മാലിന്യം കയറ്റി അയക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. റിജക്ട് വേസ്റ്റിന് അത് കൈയ്യൊഴിയുന്നതിനുള്ള ചെലവിന് ആനുപാതികമായി തുക ഈടാക്കാത്തത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് വലിയ ബാധ്യത വരുത്തുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

## <u>ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഇടപെടലുകൾ</u>

2023-24 വരെയുള്ള വർഷങ്ങളിൽ ഈ മേഖലയിൽ ഗ്രാമപഞ്ചായത്ത് വലിയ തുക വിനിയോഗിച്ചിട്ടുണ്ട്. MCFൽ അടിസ്ഥാന സൗകര്യമൊരുക്കൽ, ഹരിതസഹായ സംഘത്തിന് തുക നൽകൽ, റിംഗ് കംപോസ്റ്റ് വിതരണം, ഹരിത സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങലും വാഹനം വാങ്ങലും, ഡ്രൈവർക്ക് വേതനം നൽകൽ, അജൈവമാലിന്യം സംസ്കരണം തുടങ്ങിയ ഇനങ്ങളിലാണ് പഞ്ചായത്ത് തുക ചെലവഴിച്ചിരിക്കുന്നത്. മേല്പറഞ്ഞ ഇടപെടലുകളിൽ പോരായ്മ/അപാകത നിലനില്ക്കുന്ന പ്രധാന മേഖലകൾ താഴെ കൊടുക്കുന്നു.

**MCFലെ അടിസ്ഥാന സൗകര്യം** - പഞ്ചായത്തിന് സ്വന്തമായി എം.സി.എഫ് യൂണിറ്റുണ്ടെങ്കിലും ഒരു മിനി MCF യൂണിറ്റുകളും പഞ്ചായത്തിൽ നാളിതുവരെയായി സ്ഥാപിച്ചിട്ടില്ല. ഇതിൽ ഷ്രെഡ്ഡിംഗ് മെഷീൻ, ബെയിലിംഗ് മെഷീൻ, ഫീൽഡിൽ കൊണ്ടുപോവാൻ കഴിയുന്ന വെയ് മെഷീൻ എന്നിവ ഒഴികെ മറ്റ് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സെഗ്രഗേറ്റ് ചെയ്തതും ചെയ്യാത്തതുമായ മാലിന്യങ്ങൾ സമയബന്ധിതമായി കയറ്റി കൊണ്ടുപോവാത്തതിനാൽ എം.സി.എഫിൽ ഇവ സ്റ്റോക്ക് ചെയ്യാൻ സ്ഥല പരിമിതിയുണ്ട്. എം.സി.എപിൽ ബെയിലിംഗ് മെഷീനോ ഷ്രഡിംഗ്

മെഷീനോ ലഭ്യമാക്കിയാൽ തരം തിരിച്ച അജൈവ മാലിന്യം കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതും റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കുന്നതിനുള്ള ചെലവ് ഗണ്യമായി കുറയ്ക്കാവുന്നതുമാണ്.

**യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ-** അതിദരിദ്രർ,അഗതി ആശ്രയ പദ്ധതിയിൽ പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 17 കുടുംബങ്ങൾ സ്ഥാപനത്തിലുണ്ട്. ഇവരുടെ വീടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്താണ് ഹരിതകർമ്മ സേനയ്ക്ക് നല്കേണ്ടത്. പ്രതിമാസം 50/-രൂപ നിരക്കിൽ 10,200/-രൂപ പ്രതിവർഷം (17X50X12) സേനയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കേണ്ടതാണ്. എന്നാൽ 50,000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചെങ്കിലും (പ്രോജ.നം-304/24) 400/-രൂപയാണ് 2023-24 ൽ ആകെ സേനയ്ക്ക് നൽകിയിട്ടുള്ളത്.

**ഉറവിട മാലിന്യ സംസ്കരണം -**പഞ്ചായത്തിൽ ഉറവിടമാലിന്യ സംസ്കരണത്തിനായി റിംഗ് കംമ്പോസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ റിംഗ് കംപോസ്റ്റ് യൂണിറ്റ് വിതരണം മുഴുവനായിട്ടില്ല. റിംഗ് കംപോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യാത്ത വീടുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും കൃത്യമായ കണക്ക് ലഭ്യമായിട്ടില്ല. കൂടാതെ ഉറവിട മാലിന്യസംസ്കരണം ആവശ്യമായ ഇടങ്ങളിൽ എത്രത്തോളം ഇവ സ്ഥാപിക്കപ്പെട്ടു എന്നതും വ്യക്തമല്ല.

**അജൈവമാലിന്യം(റിജക്ട്) കയറ്റി അയച്ച ഇനത്തിലെ ചെലവ്-** അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എന്ന കമ്പനിക്ക് പ്രജക്ട് തയ്യാറാക്കി കിലോയ്ക്ക് 6.50 രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച റിജക്ട് മാലിന്യങ്ങളാണ് ഇപ്രകാരം കൈയ്യൊഴിഞ്ഞിരിക്കുന്നത്. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് കിലോയ്ക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അവ കയറ്റി അയക്കുന്നതിനുള്ള ചെലവു പഞ്ചായത്ത് വഹിക്കേണ്ടി വരുന്നു. കൂടാതെ റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കുമ്പോൾ നടത്തുന്ന ഭാര പരിശോധനയിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച്

ഒരാളെ പരിശോധനയ്ക്കായി നിർബന്ധമായും ചുമതലപ്പെടുത്തേണ്ടതും റിജക്റ്റഡ് വേസ്റ്റ് ശേഖരിക്കുന്നതിന് നിരക്ക് നിശ്ചയിച്ച് പഞ്ചായത്തിന്റെ ഈ ഇനത്തിലെ ചെലവ് കുറയേക്കണ്ടതുമാണ്. 2023-24വർഷം ആകെ 2,009,924/- രൂപ റജക്റ്റഡ് വേസ്റ്റ് കയറ്റി അയച്ച വകയിൽ പഞ്ചായത്ത് ചെലവഴിച്ചത് വച്ച് ആകെ 309,219 കിലോ റിജക്റ്റഡ് വേസ്റ്റ് (കിലോക്ക് 6.5രൂപ നിരക്കിൽ) കയറ്റി അയച്ചതായി കാണാം. ഇതിന് ഫീ ചുമത്തിയിരുന്നെങ്കിൽ 30 ലക്ഷത്തിലധികം രൂപ ഹരിതകർമ്മ സേനയ്ക്ക് ലഭിക്കുമായിരുന്നു. യൂസർഫീ ഇനത്തിൽ 2023-24 വർഷം 1,601,500/-രൂപയാണ് ആകെ ഹരിതകർമ്മ സേനയ്ക്ക് പിരിച്ച് കിട്ടിയത് എന്ന വസ്തുത നിലനിൽക്കെ 20ലക്ഷം രൂപയ്ക്ക് മുകളിൽ റിജക്റ്റഡ് വേസ്റ്റ് കയറ്റി അയച്ചത് പഞ്ചായത്ത് ഗൗരവമായി പരിശോധിക്കേണ്ടതാണ്.

**മറ്റ് പോരായ്മകൾ**

എ) പഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്ത ഗ്രാമമായി പ്രഖ്യാപിച്ചിട്ടില്ല. മാലിന്യ സംസ്കരണത്തിൽ സ്ഥാപനം ഇനിയും മുന്നേറേണ്ടതുണ്ടെന്ന് മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നു.

ബി) ക്രമനം.2 ൽ പ്രതിപാദിച്ച ബൈലായിൽ പറഞ്ഞ പ്രകാരം പ്രതിമാസ ഫീസ് കൂടാതെ പ്ലാസ്റ്റിക് പാക്കിംഗ് മെറ്റീരിയൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനുള്ള ഫീസ് പിരിക്കുന്നില്ല. കൂടാതെ 100 ൽ കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടികൾക്ക് ഫീസ് ഈടാക്കി അനുമതി വാങ്ങണമെന്ന് ബൈലായിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിൽ ഒരു ഫീ സ്ഥാപനം ഈടാക്കുന്നില്ല.

സി) ഹരിതകർമ്മസേനയ്ക്കൊപ്പം വിവിധ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ സേനാംഗങ്ങളെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ശുചിത്വ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഇതുമായി ബന്ധമുള്ള മേഖലകളിൽ (ഉദാ- സെഗ്രഗേഷൻ, സ്വാപ്പ് ഷോപ്പുകൾ) യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച്(ഉദാ-റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തിക ബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. ചെലവുകൾ വഹിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട, ഈമേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വ ഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാനദണ്ഡങ്ങളിൽ പ്രതിപാദിച്ച 2024-ലെ കേരള പഞ്ച യത്ത് രാജ് (ഭേദഗതി) ആക്റ്റിലെ സെക്ഷൻ എ ഡി (1) ൽ മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കൈയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവു വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർഫീസ് നിശ്ചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന്യ ഉൽപാദകനിൽ നിന്നു തന്നെ ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള ബൈലായിൽ പ്രതിമാസം 50/100 രൂപ നിരക്കിൽ ഈടാക്കുന്ന ഫീസ് മാത്രമാണ് പ്രതിപാദിച്ചത് എന്നതിനാൽ, പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, റിജക്ട് മാലിന്യശേഖരണത്തിനു കൂടി യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലാ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

## <u>1-41 അനധികൃത നിർമ്മാണത്തിന് വസ്തു നികുതി പരിഷ്കരിക്കുന്നത് സംബന്ധിച്ച്-വ്യക്തത വരുത്താവുന്നതാണ്</u>

സർക്കാർ പുറപ്പെടുവിച്ച വസ്തു നികുതി പരിഷ്കരണ മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.77/2023/LSGD തീ.22-03-2023, വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന

സർക്കാർ പുറപ്പെടുവിച്ച 05-04-2023 ലെ സ.ഉ(അച്ചടി) നം. 2023/LSGD നമ്പർ വിജ്ഞാപനം എന്നിവ പ്രകാരം 2022-23 വർഷം വരെ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി അഞ്ച് വർഷത്തേക്കുള്ള വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് പറയുന്നുണ്ട്. ഇത് പ്രകാരം പഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരിച്ചത് പരിശോധിച്ചപ്പോൾ 2022-23 വർഷം വരെ നികുതി നിർണ്ണയിക്കപ്പെട്ട നിയമാനുസൃത കെട്ടിടങ്ങൾക്കും അനധികൃതമായി നിർമ്മിക്കപ്പെട്ട് യു.എ നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കി വരുന്ന കെട്ടിടങ്ങൾക്കും, ഈടാക്കി വരുന്ന വസ്തു നികുതിയുടെ 5% വർദ്ധനയാണ് നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയയിൽ വന്നിട്ടുള്ളത് എന്ന് കാണുന്നു. പഞ്ചായത്തിലെ യു.എ രജിസ്റ്റർ പ്രകാരം 2013-14 മുതൽ 2022-23 വരെ യു.എ.നമ്പർ നൽകിയ 98 അനധികൃത കെട്ടിടങ്ങൾ നിലവിലും അധികൃതമാക്കാതെ അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി അടവാക്കി വരുന്നതായി കാണുന്നു. ഇപ്രകാരം പഞ്ചായത്തിൽ വലിയതോതിൽ അനധികൃത നിർമ്മാണങ്ങൾ നടന്നുകൊണ്ടിരിക്കുകയും ഇവ അധികൃതമാക്കാതെ വർഷങ്ങളായി പ്രവർത്തിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ മേൽ പരാമർശിച്ച 77/2023 വസ്തു നികുതി പരിഷ്കരണ ഉത്തരവിലെ നിർദ്ദേശം “1”ൽ, "നിലവിൽ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും" എന്ന് പരാമർശിക്കുന്നതിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ടോ എന്നതിൽ സർക്കാരിൽ നിന്നും പഞ്ചായത്തിന് വ്യക്തത ആവശ്യപ്പെടാവുന്നതാണ്. സർക്കാരിൽ നിന്നും വ്യക്തത ലഭ്യമാവുന്ന മുറയ്ക്ക് ഇത്തരം അനധികൃത നിർമ്മാണങ്ങൾക്ക് നികുതി നിർണ്ണയിക്കാവുന്നതുമാണ്.

## 1-42 ന്യൂട്രിമിക്സ് - ലാബ് ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 3/24

പ്രൊജക്ട് : അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി -ജനറൽ.

അടങ്കൽ : 3200000/-

ചെലവ് : 2300710/-

2023-24 വർഷത്തിൽ അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതികളുടെ ഭാഗമായി രണ്ട് നിർമ്മാണ യൂണിറ്റുകളിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന അതാതു അങ്കണവാടി പരിധിയിലുള്ള മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010 തീയതി-18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യുട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയ ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 27/7.9.24) ലഭ്യമാക്കിയ മറുപടിക്കൊപ്പം ഉള്ള ഒരു ലാബ്ടെസ്റ്റ് റിപ്പോർട്ട് ഓഡിറ്റ് കാലയളവിന് ശേഷം (29.7.24) ഉള്ളതാണ്. ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയ ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## <u>1-43 ഭിന്നശേഷി സ്കോളർഷിപ്പ് അപേക്ഷക്കൊപ്പം വിശദാംശങ്ങൾ പൂർണമായിട്ടില്ല.</u>

ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പായി അനുവദിക്കേണ്ട തുകയുടെ മാനദണ്ഡം കുട്ടി പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകൾ പരിശോധിച്ചതിൽ സോയ ഫാത്തിമ, മുഹമ്മദ് സിയാദ് , ആര്യ ശ്രീനിവാസൻ എന്നിവരുടെ പഠന വിവരങ്ങൾ അടങ്ങിയ സ്ക്കൂൾ സർട്ടിഫിക്കറ്റിൽ പഠിക്കുന്ന ക്ലാസ് രേഖപ്പെടുത്തിയിരുന്നില്ല. പഠന സർട്ടിഫിക്കറ്റ് വാങ്ങുന്ന അവസരത്തിൽ ആയതു കൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു. മേൽപ്പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻകചയറിക്കുള്ള (നം.26/7.9.24) മറുപടിയിൽ അശ്രദ്ധ മൂലം വന്ന അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത ന്യൂനത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഖനന പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രൊ നം, പേര് | 117/24 കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം | 216/24കോതങ്ങാട്ട് റോഡ് ഡ്രെയിനേജ് |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 108257/2023 | 87954/2022 |

| | | |
|---|---|---|
| അടങ്കൽ | 300000 | 50000 |
| ചെലവ് | 292652<br>തനത് ഫണ്ട് | 48146<br>Maintanance Grant -Road |
| ബിൽ വിശദാംശം | വൗച്ചർ നം. 22301202 തി. 25.07.2023 | 256/ 11-01-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയര് |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം, കോതങ്ങാട്ട് റോഡ് ഡ്രെയിനേജ്, കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് എന്നീ പ്രവൃത്തികളുടെ ഭാഗമായുള്ള മണ്ണ് ഖനന പ്രവർത്തികൾക്ക് സൈറ്റ് സാഹചര്യം , ഖനനത്തിന്റെ ആഴം എന്നിവ പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള 11.1.1.1 എന്ന ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. Setting Out, Construction Of Shoring And Bracing എന്നിവ അനിവാര്യമാകുന്ന സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന പ്രസ്തുത ഇനം പരമാവധി 80 **Cm** മാത്രം ആഴമുള്ള ഖനനങ്ങൾക്കായി ഉപയോഗിക്കുന്നതായി കാണുന്നു.

പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വലിലെ അനുബന്ധം 1600 D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാതെയാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. മോർഡ്

സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| പ്രൊ.നം, പേര് | കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം (പ്രൊ നം, 117/24) ബിൽ നം. | കോതങ്ങാട്ട് റോഡ് ഡ്രെയിനേജ് (പ്രൊ നം, 216/24) ബിൽ നം. 256/ 11-01-2024 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി പ്രകാരം ഖനന പ്രവൃത്തികൾക്ക് ഉപയോഗിച്ച ഇനം, നിരക്ക് | 11.1.1.1, 769.56 | 11.1.1.1, 769.56 |
| ഖനന പ്രവൃത്തിയുടെ അളവ്, ആഴം | 2.813 Cum , 75 Cm | 18.656 Cum , 80 Cm |
| കരാറുകാരൻ കാട്ട് ചെയ്ത നിരക്ക് | 769.56 | 687 |

തൻവർഷം ആസൂത്രണം ചെയ്ത് നടപ്പാക്കിയ സമാന സ്വഭാവമുള്ള മറ്റ് ഖനന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 3.5.1 (Mord), 2.8.1, 2.6.1 (DAR) എന്നീ ഇനങ്ങളും

ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നത് പ്രസക്തമാണ്. സമാന സാഹചര്യവും സ്വഭാവവുമുള്ള പ്രവൃത്തിക്ക് 3.5.1 പ്രകാരമുള്ള ഇനം പ്രയോജനപ്പെടുത്തിയതായും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാ- കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 3.5.1, 11.1.1.1 എന്നീ ഇനങ്ങൾ ഒരേ സൈറ്റിൽ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുണ്ട്.

കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് പ്രവൃത്തിയുടെ ഭാഗമായി ഐറിഷ് ഡ്രെയിനിനുള്ള 12 സെന്റിമീറ്റർ മാത്രം ആഴമുള്ള ഖനനത്തിനും 11.1.1.1 ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 12 മുതൽ 80 സെന്റിമീറ്റർ വരെ ആഴമുള്ള ഖനനത്തിനാണ് Setting Out, Construction Of Shoring And Bracing ഉൾപ്പെടുന്ന ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. ഇനത്തിന്റെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുമില്ല. അധിക ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊ.നം, പേര് | കണ്ണിപൊയിൽ കാവലായി താഴം ചിരട്ടക്കര പാലം (പ്രൊ നം, 117/24) | കോതങ്ങാട്ട് റോഡ് ഡ്രെയിനേജ് ( പ്രൊ നം, 216/24) |
|---|---|---|
| പദ്ധതി പ്രകാരം ഖനന പ്രവൃത്തികൾക്ക് ഉപയോഗിച്ച ഇനം, കരാർ നിരക്ക് | 11.1.1.1, 769.56 | 11.1.1.1, 687 |
| ഖനന പ്രവൃത്തിയുടെ അളവ്, അനുവദിച്ച | 2.813 Cum, 2554.43 | 10.44 Cum (ബില്ലിൽ പരിമിതപ്പെടുത്തിയത്) |

| | | |
|---|---|---|
| തുക (GST ഉൾപ്പെടെ ) | | , 8463.29 |
| 3.5.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക (360.74 രൂപ എസ്റ്റിമേറ്റ് നിരക്കിൽ ) | 1197.41 | 4444.02 |
| അധികമായി ചെലവഴിച്ച തുക | 1357 | 4019 |

അപാകത മൂലം 5376 രൂപയുടെ നഷ്ടമാണ് സ്ഥാപനത്തിനുണ്ടായിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(B)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. എസ്റ്റിമേറ്റുകളിൽ മിതത്വം പാലിക്കാതെ സ്ഥാപനത്തിന് അധിക ചെലവുണ്ടാകുന്ന രീതിയിലും ആവശ്യകത വ്യക്തമാക്കാതെയുമാണ് പ്രസ്തുത ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്.
3.5.1 ന് പകരം ഫൗണ്ടേഷനുള്ള 11.1.1.1 തെരഞ്ഞെടുക്കുകയും പ്രസ്തുത നിരക്കിൽ പ്രവർത്തി നിർവ്വഹിക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. MorD ലെ 3.5.1 മുതൽ 3.6 വരെയുള്ള ഇനങ്ങളുടെ നിരക്ക് 36.47 രൂപ മുതൽ 360.74 വരെ മാത്രമാണ്. മേൽ സാഹചര്യത്തിലാണ് 769.56 രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ വെള്ളക്കെട്ടുള്ള സൈറ്റ് സാഹചര്യമായതിനാലും അളവുകൾ പരിമിതപ്പെടുത്തി നൽകിയതിനാൽ നഷ്ടം ഉണ്ടായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിച്ചത് ഡിസംബർ

മാസത്തിലായതിനാലും കോംപാക്ട് ചെയ്ത റോഡ് വേയിലാണ് പ്രവൃത്തി നിർവ്വഹിച്ചത് എന്ന വസ്തുത പരിഗണിച്ചും 3.5.1 സൈറ്റിൽ നിർവ്വഹിച്ചതിനാലും മറുപടി പരിഗണനീയമല്ല. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 മണ്ണ് നീക്കം ചെയ്യുന്നതിന് തെറ്റായ ഇനം തെരഞ്ഞെടുത്തു.

| | |
|---|---|
| പ്രൊ നം, പേര് | ഉക്കച്ചൻ കണ്ടി റോഡ് പ്രവൃത്തി. |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 87637/2022 |
| അടങ്കൽ | 280000 |
| ചെലവ് | 270709<br>തനത് ഫണ്ട് |
| ബിൽ വിശദാംശം | വൗച്ചർ നം. 22300675 തി. 25.09.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീനാഥ്.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഉക്കച്ചൻ കണ്ടി റോഡ് പ്രവൃത്തിയുടെ ആസൂത്രണത്തിൽ അപാകതകളുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 15 -ാം വാർഡിലുള്ള 72 മീറ്റർ മൺറോഡ് ടാർ റോഡാക്കി മാറ്റുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 72 മീറ്റർ ചെയിനേജിൽ മോർഡ് സ്പെസിഫിക്കേഷനിലെ Earth Work Exacavation (3.5.1) ഉൾപ്പെടുത്തി 72 മീറ്ററിൽ നിന്നും 25 സെന്റി മീറ്റർ ആഴത്തിൽ ഖനനം ചെയ്ത് GSB, WMM , MSS ചെയ്യുന്നതിനാണ് പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുള്ളത്. 72 മീറ്ററിൽ 5.7 മീറ്റർ ഒഴികെയുള്ള ഭാഗം ഒരേ ആഴത്തിൽ (25 സെന്റി മീറ്റർ ) പ്രവൃത്തി നിർവ്വഹിച്ചതായും 5.7 മീറ്റർ ചെയിനേജിൽ 10 മുതൽ 25 Cm ശരാശരി ആഴത്തിലും പ്രവൃത്തി നിർവ്വഹിച്ചതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ നിന്നും എം ബാങ്ക്മെന്റിന് പകരം സബ്ഗ്രേഡ് നിരപ്പാക്കാനും ഉയരം കുറക്കാനുമായാണ് പ്രസ്തുത ഇനം ഉപയോഗപ്പെടുത്തിയതെന്നത് വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ 3.5.3 പ്രകാരമുള്ള ഇനം പ്രയോജനപ്പെടുത്താതെ 3.5.1 പ്രകാരമുള്ള ഖനന പ്രവൃത്തി 360.74 രൂപ നിരക്കിൽ നിർവ്വഹിച്ചത് മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഖനനം ചെയ്ത 51.3 ഘനമീറ്റർ അളവിലുള്ള മണ്ണിന്റെ തത്സ്ഥിതിയും ഓഡിറ്റിന് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ റോഡിന്റെ ചരിവ്, ഉയരം എന്നിവ കുറയ്ക്കുക എന്ന ഉദ്ദേശത്തോട് കൂടിയാണ് ഇനം നിർവ്വഹിച്ചതെന്നും റോഡിന്റെ ഇരുവശങ്ങളിലും കോമ്പൗണ്ട് വാളുകൾ ഉള്ളതിനാൽ മെക്കാനിക്കൽ പ്രവൃത്തി ഉപയോഗിക്കാതിരുന്നതെന്നും ഖനനം ചെയ്ത മണ്ണ് മറ്റ് റോഡുകളിലും ഇടവഴികളിലും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി നിർവ്വഹിച്ച 72 മീറ്റർ ചെയിനേജിൽ 66.3 മീറ്ററിൽ 25 സെന്ററി മീറ്റർ ആഴത്തിലും 5.7 മീറ്ററിൽ (10+25)/2 സെന്ററിമീറ്റർ ആഴത്തിലുമാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ആയതിൽ നിന്നും 5.7 മീറ്ററിൽ മാത്രമെ ചെരിവ് കുറവ് ചെയ്യുന്ന പ്രവൃത്തി നടന്നിട്ടുള്ളൂ എന്നത് വ്യക്തമാണ്. 2.85 മുതൽ 4.2 മീറ്റർ വരെ വീതിയുള്ള സൈറ്റിൽ മെക്കാനിക്കൽ പ്രവൃത്തി നിർവ്വഹിക്കാൻ സാധ്യമല്ലായിരുന്നു എന്ന മറുപടി പരിഗണനീയമല്ല. ഖനനം ചെയ്ത മണ്ണ് 50 മീറ്റർ ലീഡിൽ എംബാങ്ക്മെന്റ് ചെയ്യുന്നതിനുള്ള ലേബർ ഉൾപ്പെടുത്തിയാണ് 3.5.1 തയ്യാറാക്കിയിട്ടുള്ളത്. മണ്ണ് നീക്കം ചെയ്ത് ഉയരം കുറക്കുക എന്ന ഉദ്ദേശ്യത്തോടെ ആസൂത്രണം ചെയ്ത പ്രവൃത്തി 3.5.1 പ്രകാരം നിർവ്വഹിച്ചതിനാൽ അപാകത മൂലം താഴെ പറയും പ്രകാരമുള്ള നഷ്ടം സ്ഥാപനത്തിനുണ്ടായിട്ടുണ്ട്.

| 3.5.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയും അനുവദിച്ച തുകയും | 3.5.3 പ്രകാരം നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക | വ്യത്യാസം |
|---|---|---|
| 51.3×350×1.18=21186.9 | 2207.67 | 18979 |

നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് പ്രവൃത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

| | |
|---|---|
| പ്രൊ നം, പേര് | കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 88743/2022 |
| അടങ്കൽ | 800000 |
| ചെലവ് | 800000 മെയിന്റനൻസ് ഗ്രാന്റ്- റോഡ് |
| ബിൽ വിശദാംശം | ബിൽ നം. 93 തി. 12.07.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കോതങ്കൽ പുതിയോട്ടിൽ മൂടാക്കുഴി റോഡ് എന്ന പ്രവൃത്തിയുടെ ആസൂത്രണത്തിലും

നിർവ്വഹണത്തിലുമുണ്ടായ ഉണ്ടായ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് 100491 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

- എസ്റ്റിമേറ്റ് പ്രകാരം കുളത്തിന്റെ ഭാഗത്ത് റോഡിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി ഫൗണ്ടേഷൻ, സൂപ്പർ സ്ട്രക്ചർ എന്നിവക്ക് 75.7.1 പ്രകാരമുള്ള DR Masonry ആണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത ഇനത്തിൽ ഉപയോഗപ്പെടുത്തുന്ന മെറ്റീരിയൽ Random Rubble Stone (M-148), Through Bond Stone (M-361) എന്നിവയാണ്. റാന്റം റബിൾ മേസൺറി ആയതിനാൽ തന്നെ മെറ്റീരിയൽ കോസ്റ്റും ലേബർ കോസ്റ്റും കൂടുതലാണ്. പ്രസ്തുത ഇനത്തിന്റെ എസ്റ്റിമേറ്റ് നിരക്ക് ഘനമീറ്ററിന് 5951.13 രൂപയും കരാർ നിരക്ക് 6546 രൂപയുമാണ്. 6546 രൂപ നിരക്കിൽ കരാറുകാരന് 28.552 ഘനമീറ്ററിന് ജി.എസ്.ടി ഉൾപ്പെടെ 220543.64 രൂപ കരിങ്കൽ ഭിത്തി നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്.
- 04.09.2024 തിയ്യതിയിൽ സെക്രട്ടറി ചുമതലപ്പെടുത്തിയ സാങ്കേതിക ഉദ്യോഗസ്ഥർക്ക് ഒപ്പം സ്ഥല പരിശോധന നടത്തിയതിൽ റാന്റം റബ്ബിൾ മേസൺറിക്ക് പകരം ഡ്രൈ റബ്ബിൾ മേസൺറിയാണ് സൈറ്റിൽ നിർവ്വഹിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. Random Rubble Stone , Through Bond Stone എന്നിവ ഉപയോഗിച്ചല്ല നിർമ്മാണം നടത്തിയിട്ടുള്ളതെന്നും റാന്റം റബിൾ പാക്കിംഗ് അല്ല നടത്തിയിട്ടുള്ളതെന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ചിത്രം ചുവടെ ചേർക്കുന്നു





DR Masonry ക്ക് OD ഉപയോഗപ്പെടുത്തിയാണ് ഓഡിറ്റ് വർഷത്തിൽ മറ്റ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പ്രസ്തുത ഇനത്തിന്റെ എസ്റ്റിമേറ്റ് നിരക്ക് 3660.07 /Cum രൂപ മാത്രമാണ്. മെറ്റീരിയൽ, ലേബർ, കാര്യേജ് എന്നീ ഘടകങ്ങളിൽ 75.7.1, OD എന്നിവ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നുണ്ട്. ആയത് പരിഗണിക്കുമ്പോൾ കരാറുകാരൻ ജി.എസ്.ടി ഉൾപ്പെടെ 1,23,312.73 രൂപ മൂല്യ

പ്രവൃത്തി മാത്രമെ നടത്തിയിട്ടുള്ളൂ എന്നത് വ്യക്തമാണ്. വിശദാംശങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നത് കാണുക.

| | | | | |
|---|---|---|---|---|
| ഇനം | OD293530/2022-2023<br>Dry Rubble Masonry - Dry Rubble Without Concrete Levelling Course Masonry With Good Quality Blasted Rubble Including Packing | OD293530/2022-2023 റേറ്റ്, അളവ് | 75.7.1. DRY RUBBLE MASONRY With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness | 75.7.1 റേറ്റ്, അളവ് |
| മെറ്റീരിയൽ | 1. 1157 Stone For Masonry Work | 1.050 Cum@Rs 1155 | 1.M-148 Random Rubble Stone<br>2. M-361 Through Bond Stone | 1 Cum @ Rs 1222.08<br>7 Nos@ 369.25 |

| | | | | |
|---|---|---|---|---|
| | | | | |
| ലേബർ | 1. 0114 Beldar<br>2. 0125 Mason (For Plain Stone Work) 2nd Class | 0.7@558= 390.6<br>0.8@679= 543.20 | 1. L-12 Material<br>2. L-11 Mason (1st Class)<br>3. L-29 Mazdoor (Unskilled)<br>4. L-21 Bhisti | 0.12X617=74.04<br>1.2x738=885.6<br>1.8x558=1004.4<br>0.08x617=49.36 |
| കാര്യേജ് | 2215 Carriage Of Soling Stone & Masonry Stone | 1.050 Cumx @Rs 122.08 = 122.18 | Nil | |
| ആകെ | | **3660.07/Cum** | ആകെ | **5951.13/Cum** |

പാർശ്വ ഭിത്തി നിർമ്മാണത്തിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും 97231 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. പാർശ്വ ഭിത്തിയുടെ ഫൗണ്ടേഷൻ, സൂപ്പർ സ്ട്രക്ചർ ഉൾപ്പെടെയുള്ള ഭാഗങ്ങൾക്ക് 75.7.1 ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെയും നിർവ്വഹിച്ച പ്രവൃത്തി ഡ്രൈ റബ്ബിൾ മേസൺറി ആണെന്ന് മെഷർമെന്റ് സമയത്ത് ബോധ്യപ്പെട്ട സാഹചര്യത്തിലും കരാറുകാരന് ഉയർന്ന

നിരക്കിൽ തുക അനുവദിച്ച് നൽകി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

. പ്രവൃത്തിയുടെ ഭാഗമായി ഐറിഷ്, റൈറ്റ് സൈഡ് എന്നിവയുടെ കോൺക്രീറ്റിനായി 76.5 ച.മീ വിസ്തീർണ്ണത്തിൽ 10 സെ.മി കനത്തിൽ കാറി മക്ക് വിരിച്ചിട്ടുള്ളതായും ആയതിന് പുറമെ 17.5 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ 30 സെ.മി കനത്തിൽ കാറിമക്ക് ഫില്ലിംഗും നടത്തിയിട്ടുണ്ട്. ഇപ്രകാരം കോൺക്രീറ്റിംഗിനായി ആകെ 94 ചതുരശ്രമീറ്റർ വിസ്തൃതിയിൽ കാറി മക്ക് വിരിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ കാറി മക്ക് വിരിച്ചതായി രേഖപ്പെടുത്തിയ സ്ഥലത്ത് ആകെ 76.5 ച.മീ വിസ്തൃതിയിൽ മാത്രമെ കോൺക്രീറ്റിംഗ് നിർവ്വഹിച്ചിട്ടുള്ളൂ. ആയതിൽ ഡി.ആർ മേസൺറിയുടെ മുകളിലുള്ള 10.32 ( 17.2×.6 ) ടോപ് ബെൽറ്റ് കോൺക്രീറ്റിംഗും ഉൾപ്പെടുന്നതാണ്. പ്രസ്തുത സ്ഥലത്ത് കാറിമക്ക് ഫില്ല് ചെയ്യേണ്ടതില്ല. ആയത് പരിഗണിക്കുമ്പോൾ 66.38 ച.മീ വിസ്തൃതിയിൽ മാത്രമെ കാറിമക്ക് ഫിൽ ചെയ്യേണ്ടതുള്ളൂ. 2.762 ഘന മീറ്റർ അളവിൽ കാറി മക്ക് അധികമായി ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1034 രൂപ നിരക്കിൽ 2.762 ഘന മീറ്ററിന് ജി.എസ്.ടി ഉൾപ്പെടെ കരാറുകാരന് 3260 രൂപയും കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

അപാകതകൾ മൂലം 1,00,491 രൂപയുടെ നഷ്ടമാണ് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ളത്. 1,00,491 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 ഖനനം ചെയ്ത മണ്ണ് സബ്ഗ്രേഡിന് ഉപയോഗപ്പെടുത്തിയില്ല

| | |
|---|---|
| പ്രൊ നം, പേര് | 241/24- ചെറുകരതാഴ കാവലായി താഴ റോഡ് പ്രവൃത്തി. |
| എസ്റ്റിമേറ്റ് നം/ഫയൽ നം | 89358/2022 |
| അടങ്കൽ | 200000 |
| ചെലവ് | 195492<br>തനത് ഫണ്ട് |
| ബിൽ വിശദാംശം | വൗച്ചർ നം. 22300309 തി. 05.07.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചെറുകര താഴെ കാവലായി താഴെ റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കരിങ്കൽ ഭിത്തി നിർമ്മാണത്തിനായി ഖനനവും സബ്ഗ്രേഡ് നിർമ്മാണത്തിനായി എർത്ത് ഫില്ലിംഗും ഉൾപ്പെടുത്തിയിരുന്നു. എം ബുക്ക് പ്രകാരം **10.26** ഘനമീറ്റർ അളവിൽ മണ്ണ് ഖനനവും സബ്ഗ്രേഡ് നിർമ്മാണത്തിനായി **95.79** ഘനമീറ്റർ അളവിൽ എർത്ത് ഫില്ലിംഗും നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ സൈറ്റിൽ ലഭ്യമായിരുന്ന **10.26** ഘനമീറ്റർ മണ്ണ് സബ്ഗ്രേഡ്

നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. അപാകത മൂലം **5,569** രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. **5,569** രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

**3-5 റീ പെയിന്റിംഗിന് പുതിയ പെയിന്റിംഗിനുള്ള ഇനം- പഞ്ചായത്ത് ഫണ്ടിന് 28332 രൂപ നഷ്ടം.**

| പ്രൊ നം, പേര് | 337/24, തയ്യിൽ മീത്തൽ വിജ്ഞാൻ വാടി | 197/24, ചങ്ങരോത്ത് കോളനി വനിതാ സാംസ്കാരിക നിലയം നവീകരണം. | 210/2024, മത്സ്യ മാർക്കറ്റ് സൗകര്യപ്പെടുത്തൽ |
|---|---|---|---|
| എസ്റ്റിമേറ്റ് നം/ ഫയൽ നം | 6680/2023 | 6677/2023 | 6675/2023 |
| അടങ്കൽ | 60,000 | 2,70,667 | 1,00,000 |

| | | | |
|---|---|---|---|
| ചെലവ് | 59,643<br>തനത് ഫണ്ട് | 1,19,833<br>എസ്.സി.പി | 56,310<br>തനത് ഫണ്ട് |
| ബിൽ വിശദാംശം | വൗച്ചർ നം. 22301143 തി. 15.02.2024 | 40/13.06.2023 | വൗച്ചർ നം. 22300251 തി. 25.06.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | റസീന.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ | അബൂബക്കർ സിദ്ദിഖ്. എ.എക്സ്.ഇ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മത്സ്യമാർക്കറ്റ് നവീകരണം , ചങ്ങരോത്ത് കോളനി സാംസ്കാരിക നിലയം നവീകരണം , തയ്യിൽ മീത്തൽ വിജ്ഞാൻ വാടി എന്നീ പദ്ധതികൾ മുഖേന ആസൂത്രണം ചെയ്ത പ്രവൃത്തികളിൽ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത് **DAR** അദ്ധ്യായം **13** ലെ **(FINISHING ) 13.60.1** എന്ന ഇനമാണ്. പ്രസ്തുത ഇനം പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിന്റിംഗ് ചെയ്യുന്നതിനുള്ളതാണ്. മേൽ പരാമർശിച്ച

കെട്ടിടങ്ങളിൽ മുൻപ് പെയിന്റിംഗ് നടത്തിയിട്ടുള്ള ചുമരിലാണ് പെയിന്റിംഗ് നടത്തിയിട്ടുള്ളത്. **DAR** ലെ അദ്ധ്യായം **14** ൽ **(REPAIR TO BUILDINGS )** മേൽ പെയിന്റിംഗ് ഉപയോഗിച്ച് ചെയ്യുന്ന റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട ഐറ്റം **14.53.1** ആണ്. ഇനങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ മെറ്റീരിയൽ, ലേബർ എന്നിവ **14.53.1** നെ അപേക്ഷിച്ച് **13.60.1** ൽ അധികമാണെന്നത് കാണാം. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | **13.60.1** പ്രകാരമുള്ള അളവ് ( 10 Sqm) | **14.53.1** പ്രകാരമുള്ള അളവ് ( 10 Sqm) | **14.53.1** നെ അപേക്ഷിച്ച് **13.60.1ലെ** വിത്യാസം |
|---|---|---|---|---|
| Plastic Emulsion Paint (M 0835 ), | 200 | 1.21 Ltr | 0.73 | 0.48 അധികം |
| Painter (L0131 ) | 679 | .54 Day | .36 Day | 0.18 അധികം |
| Coolie (L 0115 ) | 558 | .54 Day | .36 Day | 0.18 അധികം |
| Sundries-Materials For Filling In | 2 | 6.76 | .52 | 6.24അധികം |

| | | | | |
|---|---|---|---|---|
| Holes And Cracks (Putty Etc.) T 9999 L.S | | | | |
| Sundries Brushes, Sand Paper Etc. T 9999 L.S | 2 | 10.79 | 8.06 | 2.73 അധികം |
| Sundries T 9999 L.S | 2 | 6.76 | 6.76 | 0 |
| Carriage C 9977 | 2 | 1.43 | 5.33 | 3.9 കുറവ് |

കാര്യേജ് ഒഴികെയുള്ള ഇനങ്ങൾ **14.53.1** നെ അപേക്ഷിച്ച് **13.60.1ൽ** അധികമാണെന്ന് കാണാം. തയ്യിൽ മീത്തൽ വിജ്ഞാൻ വാടി, മത്സ്യമാർക്കറ്റ് നവീകരണം എന്നീ പ്രവൃത്തികളിൽ ചുരണ്ടിയ ശേഷം പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ച

വിസ്തീർണ്ണത്തിൽ **13.60.1** ആസൂത്രണം ചെയ്ത് നിർവ്വഹിച്ചത് പരിഗണിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള പെയിന്റിംഗിന് മുകളിൽ **13.60.1** പ്രകാരം പെയിന്റിംഗ് നിർവ്വഹിച്ചത് ലാഭകരമല്ല. മേൽ വിത്യാസം മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു.

| പ്രവൃത്തിയുടെ പേര് | 13.60.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, അനുവദിച്ച തുക | 14.53.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ (എസ്റ്റിമേറ്റ് നിരക്കിൽ ) | വ്യത്യാസം |
|---|---|---|---|
| തയ്യിൽ മീത്തൽ വിജ്ഞാൻ വാടി നവീകരണം 6680/2023 | 180.189 Sqm (287.995-107.806) 32399.49 രൂപ | 100.27×180.189×1.18= 21319.71 രൂപ | 11,079.78 |
| ചങ്ങരോത്ത് കോളനി വനിതാ സാംസ്കാരിക | 659.13 Sqm 87110.62 രൂപ | 100.27×659.13×1.18= 77987.33 രൂപ | 9,123.29 |

| | | | |
|---|---|---|---|
| നിലയം നവീകരണം | | | |
| മത്സ്യമാർക്കറ്റ് നവീകരണം | 157.541 Sqm (222.854−65.313) 26769.36 | 157.541×100.27×1.18= 18640.03 | 8,129.33 |
| ആകെ | | | 28,332 |

പ്രവൃത്തിക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് ലഭിച്ചു. പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരികരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 28,332 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടതുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2023-24 | 03.09.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,12,988 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 2,12,988 | 0 |
| | | 1,76,778 | പാലിയേറ്റീവ് കെയർ പദ്ധതി | 1,76,778 | 0 |
| | | 5,25,000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 5,25,000 | 0 |
| | | 6,47,352 | കാലിത്തീറ്റ സബ്സിഡി | 6,47,352 | 0 |

| | | | | | |
|---|---|---|---|---|---|
| | | 21,00,000 | ലൈഫ് 2020 ജനറൽ 2023-24 | 21,00,000 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2023-24 | 70,978 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 70,978 | 0 |
| | | 1,39,934 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 1,39,934 | 0 |
| | | 1,50,000 | കാലിത്തീറ്റ സബ്സിഡി | 1,50,000 | 0 |
| | | 83,800 | മുട്ട ഗ്രാമം വനിത | 83,800 | |
| | | 1,00,000 | ലൈഫ് 2020-20 ജനറൽ 2023-24 | 1,00,000 | 0 |
| കോഴിക്കോട് കോർപ്പറേഷൻ | 2023-24 | 43,700 | ജൈവ മാലിന്യ സംസ്കരണം-റിംഗ് കംപോസ്റ്റ് | 43,700 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ലൈഫ് ഭവനപദ്ധതി | 1049/23/FIN Dt 13.02.23 | 6,40,000 | 10,00,000 | 16,40,000 | 0 | 0 |
| KURDFC ലൈഫ് ഭവനപദ്ധതി | 6872/22FIN. Dt.12.10.22 | 1,29,40,000 | 2,82,450 | 28,01,090 | 0 | 1,04,21,360 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 75,24,488/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 5,37,564/- |
| ആകെ | 80,62,052/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 80,62,052/- |

## <u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സർട്ടിഫിക്കറ്റ് നം. & നിക്ഷേപിച്ച/ പുതുക്കിയ തിയതി | തുക |
|---|---|---|---|
| 1 | | FDRL001001006921 | 7,24,477 |
| 2 | | FDRL001001006271 | 14,62,935 |
| 3 | | FDRL001001005857 | 40,95,033 |
| 4 | | FDRL001001007230 | 6,85,088 |
| 5 | | 161718008200086 | 8,39,392 |
| 6 | | 161718008200089 | 2,18,500 |
| 7 | | 161718008200031 | 36,627 |
| | | ആകെ | 80,62,052 |

## <u>4-7 ഓഡിറ്റ് റിക്കവറി</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശീത് നം/ തീയതി |
|---|---|---|---|---|
| 2021-22 | 3(1) | 6780 | സുഗുണൻ, PWD കോൺട്രാക്ടർ | 1230603255 Dtd 19-01-2024 |
| 2021-22 | 3(1) | 13751 | സുഗുണൻ, PWD കോൺട്രാക്ടർ | 1230603256 Dtd 19-01-2024 |
| 2022-23 | 1(18) | 7771 | AE, LSGD അത്തോളി | 1230602957 Dtd 04-01-2024 |
| 2021-22 | 3(1) | 6425 | റിതു,PWDകോൺട്രാക്ടർ | 1230605209 Dtd 21-02-2024 |
| 2021-22 | 3(1) | 6150 | റാഫി, PWDകോൺട്രാക്ടർ | 1230605600 Dtd 01-03-2024 |
| 2022-23 | 1-(15) | 40000 | ഗീത, ചോയികുന്നത്ത് | 1230606274 Dtd 16-03-2024 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 7,76,91,029 |
| ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 7,72,73,324 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,58,747 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,55,076 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,376 | ശ്രീ.റസീന.എൻ.പി. (അസി.എഞ്ചിനിയർ) |
| 3-2 | 18,979 | ശ്രീ.ശ്രീനാഥ്.എ (അസി.എഞ്ചിനിയർ) |
| 3-3 | 1,00,491 | ശ്രീ.റസീന.എൻ.പി. (അസി.എഞ്ചിനിയർ) |
| 3-4 | 5,569 | ശ്രീ.റസീന.എൻ.പി. (അസി.എഞ്ചിനിയർ) |
| 3-5 | 28,332 | ശ്രീ.റസീന.എൻ.പി. (അസി.എഞ്ചിനിയർ) |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-17 | 3,21,346 | ശ്രീമതി.റസീന.എൻ.പി, അസി.എഞ്ചിനിയർ |
| 1-20 | 56,640 | ശ്രീ.ഹരിഹരൻ.കെ, സെക്രട്ടറി |
| | 50,000 | ശ്രീമതി.മിനി.എ.പി, അസി.സെക്രട്ടറി -സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-25 | 1,85,000 | ശ്രീമതി.മിനി.എ.പി, അസി.സെക്രട്ടറി |
| 1-26 | 1,25,000 | ശ്രീമതി.മിനി.എ.പി, അസി.സെക്രട്ടറി -സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-28 | 74,983 | ശ്രീ.ഹരിഹരൻ.കെ, സെക്രട്ടറി |
| 1-31 | 3,33,700 | ശ്രീമതി.സുവർണ ശ്യാം, കൃഷി ഓഫീസർ |
| 1-32 | 1,50,000 | ശ്രീമതി.അഞ്ജലി, ഐസിഡിഎസ് സൂപ്പർവൈസർ. |
| 1-35 | 2,89,501 | ശ്രീമതി.ജസി, ഐസിഡിഎസ് സൂപ്പർവൈസർ. |

| | | |
|---|---|---|
| 1-37 | 91,854 | ഡോ.നീമ, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| ആകെ | 16,82,024 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല -

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

– ഇല്ല -

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.റസീന.എൻ.പി, അസി.എഞ്ജിനിയർ | അസി.എഞ്ചിനിയർ, LID&EW, കിഴക്കോത്ത് | നീലാഞ്ചേരിപുറയിൽ, ഇയ്യാട് പി.ഒ |

| | | |
|---|---|---|
| | | |
| ശ്രീ.ശ്രീനാഥ്.എ, അസി.എഞ്ജിനിയർ | അസി.എഞ്ചിനിയർ, LID&EW, മൂടാടി | അമ്മോത്ത് കുഴിയിൽ വീട്, മേരിക്കുന്ന് പി.ഒ,673012 |
| ശ്രീ.ഹരിഹരൻ.കെ, സെക്രട്ടറി | സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത് | കുമ്മനാട് വീട്, ചേവായൂർ |
| ശ്രീമതി.മിനി.എ.പി, അസി.സെക്രട്ടറി | അസി.സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത് | നാദം ഹൗസ്, ആശ്രമം റോഡ്, അത്താണി, വെസ്റ്റ്ഹിൽ.പി.ഒ |
| ശ്രീമതി.സുവർണ ശ്യാം, കൃഷി ഓഫീസർ | കൃഷി ഓഫീസർ, അത്തോളി ഗ്രാമപഞ്ചായത്ത് | ശ്യാം നിവാസ്, കോട്ടൂളി, കോഴിക്കോട്. |
| ശ്രീമതി.അഞ്ജലി, ഐസിഡിഎസ് സൂപ്പർവൈസർ. | ഐസിഡിഎസ് സൂപ്പർവൈസർ,അത്തോളി ഗ്രാമപഞ്ചായത്ത് | സ്നേഹാഞ്ജലി, എടക്കുളം.പി.ഒ, കൊയിലാണ്ടി |

| | | |
|---|---|---|
| ശ്രീമതി.ജസി, ഐസിഡിഎസ് സൂപ്പർവൈസർ. | ഐസിഡിഎസ് സൂപ്പർവൈസർ, കോഴിക്കോട് അർബൻ 2 | അമ്പാത്ത് മീത്തൽ, വടകര പി.ഒ |
| ഡോ.നീമ, മെഡിക്കൽ ഓഫീസർ,ഹോമിയോ | മെഡിക്കൽ ഓഫീസർ,ഹോമിയോ അത്തോളി | വിശ്രം, മന്നടത്ത്, വേങ്ങേരി.പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടു വിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(2) തിയ്യതി.21.10.22 | 5 | 6,7,8,9,10 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി. പി6/1449/2022(4) തിയ്യതി-21.10.2022 | 5 | 3-2,3-7,3-12, 3-13,4-1 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1449/2022(7)<br>തിയ്യതി-21.10.2022 | 1 | 3-26 |
| 2011-12<br>&<br>2012-13 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1449/2022(11)<br>തിയ്യതി-21.10.2022 | 4 | 3-4, 3-16, 4-1-1, 4-6 |
| 2013-14<br>&<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1449/2022(12)<br>തിയ്യതി-21.10.2022 | 2 | 2-1,3-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1449/2022(13)<br>തിയ്യതി-21.10.2022 | 5 | 2-3, 2-5, 2-6, 3-1,3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1449/2022(14)<br>തിയ്യതി-21.10.2022 | 1 | 3-7 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1449/2022(15)<br>തിയ്യതി-21.10.2022 | 11 | 1-12(1 മുതൽ 7 വരെ, 1-12 (3.4 ബി,സി), 2-4, 2 -6, 3-4(1.2), 3-9, 3-10, 3-12, 3-14,3-16,4-5 |

| | | | |
|---|---|---|---|
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1449/2022(16)<br>തിയ്യതി-21.10.2022 | 8 | 1-12, 1-18(3,4), 1-19,<br>1-20, 1-22,1-26,3-2 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/363/2022<br>തിയ്യതി-07.04.2022 | 18 | 1-2-1(1,7), 1-4-1, 1-10,<br>1-12-(3),1-12(4), 1-12(8),<br>1-12(9), 1-14, 1-16, 1-17<br>(2,3, 4),1-18 മുതൽ<br>1-21 വരെ,1-23,3-1, 4-2 |

| | | | |
|---|---|---|---|
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി6/ 364/2022 തിയ്യതി-07.04.2022 | 19 | 1-2-1(1,7), 1-4-1, 1-12, 1-13, 1-15, 1-17 മുതൽ 1-21 വരെ, 1-23 മുതൽ 1-26 വരെ, 1-28, 1-29, 3-1, 3-2 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി 10/4/2024 തിയ്യതി-14.03.24 | 26 | 1-1,1-2-1(2),1-2-1(5),1-2-1(6), 1-2-1(7),1-2-1(8),1-2-1(9), 1-7-1,1-11,1-12,1-13(1,2,3,4,5), 1-14,1-15,1-16,1-25,1-26(4), 1-27,1-28,1-29,1-30,1-33,2-1 |

| | | | |
|---|---|---|---|
| 2022-23 | കെ.എസ്.എ.കെ.കെ.ഡി.പി 10/208/2024 തിയ്യതി-09.05.24 | 31 | 1-1,1-1 (1,2,3(1,2), 4,5,6,8, 9,10,11),1-2,1-5,1-9,1-10,1-11, 1-12,1-15,1-9,1-10,1-11,1-12, 1-15,1-16,1-18,1-19, 1-21,1-22,1-23,1-24,1-25, 1-26,3-1,3-2,4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 01(01) dated 01(01) dated 06-06-2024 and submitted on 03-09-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Atholi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2023-2024 and Financial position of Atholi Grama Panchayat as on 31-03-2024

**Date: 08/10/2024** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Atholi Grama Panchayat for the Year 2023-2024.

## 1.Major Observations

1.Non Disclosure of Assets
2. Non Disclosure of Liabilities

## 2.Other Observations

a) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
b) Depreciation calculated on wrong basis.
c) timely and accurate demand entries not made for Property Tax.
d) The details of liability funds shown in the balance sheet were not produced for audit.

e) Obsolete deposits were not forfeited to own fund.

f) Register not maintained to monitor loan Liability.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്